

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM, KOTTAYAM 686038 KERALA PHONE : 8234

വാല്യം 6 ലക്കം 19 | 1989 ജൂൺ 9-16 | വില 1.15

### എഡിറേറാറിയൽ

## നോമിനേഷൻ കമ്മററി

മലങ്കര അസ്സോസിയേഷൻ യോഗം ഈ വരുന്ന ഡിസം: 29ന് സമ്മേളിക്കുവാൻ തീരുമാനിച്ചിരിക്കുകയാണല്ലോ. അതു സംബന്ധിച്ച നടപടികൾക്ക് അന്തിമരൂപം നല്കിവരുന്ന സമയമാണല്ലോ ഇത്. അസ്സോസിയേഷൻ അജന്തായിലെ പ്രധാനവിഷയം മെത്രാൻ സ്ഥാനത്തേയ്ക്ക് അഞ്ചു് പേരെ തിരഞ്ഞെടുക്കുക; മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മററിഅംഗങ്ങളെ തിരഞ്ഞെടുക്കുക എന്നിവയാണ്.

മാനേജിംഗ് കമ്മററിയംഗങ്ങളെ ഭദ്രാസനതലത്തിൽ തിരഞ്ഞെടുക്കുവാനുള്ള സംവിധാനമുള്ളതിനാൽ അസോസിയേഷനിൽ അവരുടെ തിരഞ്ഞെടുപ്പ് ബുദ്ധിമുട്ടു കൂടാതെ നിർവ്വഹിക്കുവാൻ സാധിക്കും. എന്നാൽ മെത്രാൻ സ്ഥാനത്തേക്ക് അപ്രകാരമൊരു പ്രാഥമിക തിരഞ്ഞെടുക്കൽ സംവിധാനം നിലവിലില്ലാത്തതിനാൽ അസോസിയേഷൻയോഗത്തിൽ പ്രസ്തുത വിഷയം ക്ലേശപൂർണ്ണമാകുവാനേ തരമുള്ളു. കഴിഞ്ഞ തവണത്തെ അസോസിയേഷനിൽ അതിന്റെ വ്യക്തമായ ചിത്രം നാം കാണുകയുമുണ്ടായി. ആയതിനാൽ മെത്രാൻ തിരഞ്ഞെടുപ്പ് ക്ലേശരഹിതമാക്കുന്നതിനുള്ള ഒരു നല്ല പ്രായോഗിക നിർദ്ദേശം ബന്ധപ്പെട്ട അധികൃതരുടെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്.

എല്ലാ ഭദ്രാസനത്തിലും അതതു് ഭദ്രാസന മെത്രാപ്പോലീത്താ അദ്ധ്യക്ഷനായി ഒരു മൂന്നംഗ നോമിനേററിംഗ് കമ്മററിയെ പ:ബാവാ തിരുമനസ്സുകൊണ്ടു് നിയമിക്കുക. പ്രസ്തുത കമ്മററി ആ ഭദ്രാസനത്തിലെ ഏററവും അനുയോജ്യരായ വൈദികരെ രഹസ്യമായി കണ്ടുപിടിച്ച് അവരെപ്പററിയുള്ള പഠനറിപ്പോർട്ടു് സഹിതം അവരുടെ പേരുവിവരം പ:ബാവാ തിരുമനസ്സിലേയ്ക്കു് സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന പേരുകൾ പ: സുന്നഹദോസ് സ്റ്റാൻഡിംഗ് കമ്മററിയും വർക്കിംഗ് കമ്മററിയും ഭദ്രാസന നോമിനേഷൻ കമ്മററിയിലെ ഒരംഗവും ഉൾപ്പെടുന്ന കേന്ദ്രനോമിനേഷൻ കമ്മററിയുടെ പരിഗണനയ്ക്കു് വിധേയമാക്കണം. ഓരോ വ്യക്തികളേയുംകുറിച്ചുള്ള പഠനറിപ്പോർട്ടു് സൂക്ഷ്മനിരീക്ഷണം നടത്തിയും, രഹസ്യഅന്വേഷണംമൂലം അവരുടെ ജീവിതവിശുദ്ധി വിശകലനം ചെയ്തും ഏററവും ഉന്നതരായ വ്യക്തികളെ തിരഞ്ഞെടുക്കാം. അവസാന റൗണ്ടു് തിരഞ്ഞെടുപ്പ് പൂർത്തിയാകുമ്പോൾ മാത്രമേ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ വിവരം അറിയിക്കാവൂ. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളെ സീനിയോറിററി മുറപ്രകാരവും സഭയിലെ ആവശ്യങ്ങളുടെ അനിവാര്യത പരിഗണിച്ചും സ്ഥാനാഭിഷേകം നല്കത്തക്കവണ്ണം അസ്സോസിയേഷനിൽ കൂടി അംഗീകാരം വാങ്ങേണ്ടതും പ്രസ്തുത ലിസ്റ്റിനു് ഏററം കുറഞ്ഞതു് പത്തുവർഷത്തെ പ്രാബല്യം നല്കാവുന്നതുമാണ്.

അസോസിയേഷന്റെ അംഗീകാരം ലഭിച്ചവരും എന്നാൽ സ്ഥാനലബ്ധി ലഭിക്കുവാൻ കാലതാമസം വേണ്ടിവരുന്നവരുമായ വൈദികരെ സീനിയർ മെത്രാപ്പോലീത്തൻമാരുടെ സഹായികളായി ഭദ്രാസനകേന്ദ്രങ്ങളിൽ പരിശീലനത്തിനു നിയോഗിക്കാവുന്നതാണ്.

അനുയോജ്യരായ മെത്രാൻ സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനു് ഇപ്പോൾ നമ്മുടെസഭയിൽ വ്യക്തമായ സംവിധാനങ്ങൾ ഒന്നുംതന്നെ ഇല്ലാത്ത അവസ്ഥ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതു് അനിവാര്യമാണെന്നു്, മുമ്പ് ഞങ്ങൾ നടത്തിയ ഒരു അഭിപ്രായസർവ്വേയിൽ സഭയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ധാരാളം വ്യക്തികൾ ആഗ്രഹം പ്രകടിപ്പിച്ചിരുന്നതും അധികൃതർ ശ്രദ്ധിച്ചിരിക്കുമല്ലോ. നമ്മുടെ സഭയിൽ മെത്രാൻ തിരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന ഈ പശ്ചാത്തലത്തിൽ പ്രസ്തുതവിഷയത്തിന്റെ ഗൗരവം അധികൃതർ കാര്യമായിതന്നെ പരിഗണിക്കേണ്ടതാണെന്നാണ് ഞങ്ങളുടേയും അഭിപ്രായം. തരംതാണ തരത്തിൽ രാഷ്ട്രീയക്കാരെപ്പോലെ പരസ്യപ്രചരണങ്ങളുമായി സ്വന്തം സ്ഥാനമഹിമകളുടെ നീണ്ട ലിസ്റ്റ് സ്വയമായി തന്നെ അച്ചടിച്ച ലഘുലേഖകളിലാക്കി വോട്ടർമാരെ സമീപിക്കുന്ന ഇന്നത്തെ അവസ്ഥ എന്നെന്നേയ്ക്കുമായി പരിഹരിക്കപ്പെട്ടേ മതിയാവൂ. പ. സുന്നഹദോസും മാനേജിംഗ് കമ്മററിയും, സഭാമക്കളുടെ ഈ വികാരം അതിന്റെ പൂർണ്ണ അർത്ഥത്തിൽ തന്നെ ഉൾക്കൊള്ളുമെന്നാണ് ഞങ്ങളുടെ ശുഭമായ വിശ്വാസം.

(ശേഷം 6-ാം പേജിൽ)

# മലങ്കരസഭാ സ്വാതന്ത്ര്യം അടിയറ വെയ്ക്കില്ല: ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

**ജോൺസൺ കൊളുത്താൽ**

മുളന്തുരുത്തി:– മലങ്കര ഓർത്തഡോക്സ് സഭയുടെ അപ്പോസ്തോലികപാരമ്പര്യവും സ്വാതന്ത്ര്യവും മററു് വിദേശസഭകളുടെ കീഴിൽ അടിയറ വെയ്ക്കുകയില്ല എന്നു് ഡൽഹി ഭദ്രാസനാധിപനും, W. C. C. പ്രസിഡന്റുമായ ഡോ: പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു. മലങ്കരസഭ മററു് ഓർത്തഡോക്സ് സഭകളുമായി കാലതാമസം വരാതെ കുർബാന ബന്ധം സ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു. മുളന്തുരുത്തി കാതോലിക്കേററ് സെന്ററിൽ ചേർന്ന മാർ ഗ്രീഗോറിയോസ് പ്രാർത്ഥനാസുവിശേഷസമാജത്തിന്റെ പ്രതിമാസ യോഗത്തിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പാപംമൂലം നഷ്ടപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി സ്വപുത്രനെ ലോകത്തിലേയ്ക്കയച്ച ദൈവത്തിന്റെ പദ്ധതിയാണ് യഥാർത്ഥ സുവിശേഷമെന്നും ഉയിർത്തെഴുന്നേററവനായ ക്രിസ്തുവിനെപ്പോലെ നാമും ഉയർത്തെഴുന്നേൽക്കും എന്നുള്ള പ്രത്യാശ ക്രൈസ്തവർക്കുണ്ടായിരിക്കണമെന്നും മെത്രാപ്പോലീത്താ ഉദ്ബോധിപ്പിച്ചു.

നേരത്തെ കാതോലിക്കേററ് സെന്ററിൽ എത്തിച്ചേർന്ന മെത്രാപ്പോലീത്തായെ സഹവികാരി ഫാ: ഏബ്രഹാം ഇടമ്പാടത്തിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ കത്തിച്ച മെഴുകുതിരികളോടുകൂടി സ്വീകരിച്ചു. ഫാ: തോമസ് മ്യാലിൽ സ്വാഗതവും, ഫാ: കെ. ററി. ഏലിയാസ് നന്ദിയും പറഞ്ഞു.

## ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസിനു് ചെക്കോസ്ലോവാക്യൻ ബഹുമതി

കോട്ടയം: ഡൽഹി ഭദ്രാസനമെത്രാപ്പോലീത്തായും വൈദികസെമിനാരി പ്രിൻസിപ്പളുമായ ഡോ: പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്കു് ഡോക്ടറേററു് നൽകുന്നു. ചെക്കോസ്ലോവാക്യ ഗവൺമെന്റിന്റെ സാംസ്കാരികവകുപ്പും അവിടുത്തെ ഓർത്തഡോക്സ് സർവകലാശാല ഫാക്കൽട്ടിയും ചേർന്നാണ് ഡോക്ടറേററു് സമ്മാനിക്കുക.

വിദേശ സർവകലാശാല അദ്ദേഹത്തിനു് നല്കുന്ന അഞ്ചാമത്തെ ഡോക്ടറേററായ ഇതു് ലോകസമാധാനം, നിരായുധീകരണം, എക്യുമെനിസം എന്നീ രംഗങ്ങളിൽ മെത്രാപ്പോലീത്താ നൽകിയ സംഭാവനകളെ പുരസ്കരിച്ചാണ്. ഇന്ത്യൻ ഫിലോസഫിക്കൽ കോൺഗ്രസ്സ് പ്രസിഡണ്ടു്, സഭകളുടെ ലോക കൗൺസിൽ പ്രസിഡണ്ടു് എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## റിട്ടയർ ചെയ്തു



പത്തനംതിട്ട കാതോലിക്കേററു് കോളേജ് സുറിയാനി വിഭാഗം പ്രൊഫസർ ഫാ. ടി എം ശാമുവേൽ റിട്ടയർ ചെയ്തു. മൈലപ്രാ സെന്റു് ജോർജ് ഇടവകയിലെ തയ്യിൽ കുടുംബാംഗമായ ഇദ്ദേഹം മലങ്കര സഭാ മാനേജിംഗ് കമ്മററിയംഗം, ഭദ്രാസന കൗൺസിൽ അംഗം, മൈലപ്രാ പഞ്ചായത്തുപ്രസിഡന്റു് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളയാളാണ്. ഇപ്പോൾ റാന്നി വെള്ളക്കല്ലുങ്കൽ ഓർത്തഡോക്സ് പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്നു.

## സാഹിത്യ ശിൽപ്പശാല

കോട്ടയം: ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 14, 15, 16 തീയതികളിൽ കോട്ടയം സോഫിയ സെന്ററിൽ കോളേജ് വിദ്യാർത്ഥികൾക്കായി സാഹിത്യ ശില്പശാല നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സ്വന്തം രചനകൾ സഹിതം ജൂൺ 30-നു മുമ്പ് ജനറൽ സെക്രട്ടറി, എം. ജി. ഒ. സി. എസ്. എം. സ്റ്റുഡന്റ്സെന്റർ കോട്ടയം–1 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

### അറിയിപ്പ്

പേപ്പർ ദൗർലഭ്യം, വിലക്കൂടുതൽ കറന്റു് കട്ട് ഇവ കാരണം കഴിഞ്ഞ രണ്ടു ലക്കങ്ങൾ യഥാസമയം പുറത്തിറക്കുവാൻ കഴിയാഞ്ഞതിൽ ഖേദിക്കുന്നു. കുടിശികയുള്ളവർ വരിസംഖ്യ അടച്ച് സഹകരിക്കുക.

മാനേജർ

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 6 | 1989 ജൂൺ 9–16 | ലക്കം 19

# നിലയ്ക്കാത്ത യുദ്ധം

യുദ്ധങ്ങൾക്കും കലഹങ്ങൾക്കും ഒരവസാനവും കാണുന്നില്ല. ആയുധസഹിതമുള്ള സംഘട്ടനങ്ങളിൽ നിന്നൊഴിഞ്ഞ് ചരിത്രത്തിൽ ഒരു ദിവസം പോലുമില്ല. ഭൂമിയുടെ പേരിൽ, അതിർത്തികളുടെ പേരിൽ, മന്ദിരങ്ങളുടെ പേരിൽ, മതത്തിന്റെ പേരിൽ മഹാപുരുഷന്മാരെ അധിക്ഷേപിക്കുന്ന സാഹിത്യകൃതികളുടെ പേരിൽ, ആട്ടമാട്ടുകളുടെ പേരിൽ, എന്നുവേണ്ട പേരിന്റെ പേരിൽപോലും സംഘർഷങ്ങളും കലഹങ്ങളും അരങ്ങേറുന്നു. എന്തിന്റെയെങ്കിലുമൊക്കെ പേരിൽ സഹജീവികളെ വെട്ടിനുറുക്കാനും, ചവുട്ടിത്താഴ്ത്താനുമുള്ള നിഗ്രഹവാസന ഞെട്ടലുളവാക്കുന്നവിധം വളർന്നുനിൽക്കുന്നു. മറ്റൊരു ജീവനെ ഇല്ലാതെയാക്കാൻ ഇത്ര ശങ്കയില്ലായ്മയോ? മനുഷ്യനിൽ പാപം വാഴ്ചയാരംഭിച്ച കാലം മുതൽ അറുതിയില്ലാത്ത നിഗ്രഹവാസനയും ഉടലെടുത്തു. കായീൻ ഹാബേലിനെ വധിക്കുന്നത് എത്ര അനായാസേനയാണ്! പാപത്തിന്റെ കൂടെപ്പിറപ്പായി വളന്ന ഈ പൈശാചികസ്വഭാവം പല ഭാവങ്ങൾ പൂണ്ട്, പല മുഖങ്ങൾ നേടി, ഇന്ന് പരിഷ്കൃതലോകത്തും അപരിഷ്കൃതലോകത്തും നിറഞ്ഞുനിൽക്കുന്നു.

അന്യർക്കു വേദനയുണ്ടാക്കിയിട്ട്, അവർ ബുദ്ധിമുട്ടുന്നതുകണ്ട് സന്തോഷിക്കുന്നത് (Sadism) ഒരു മനോരോഗമായി കരുതപ്പെടുന്നുണ്ടെങ്കിലും, കാരണമുണ്ടായിട്ടോ, അല്ലാതെയോ, മറ്റൊരാളിന് വിഷമതകൾ സൃഷ്ടിച്ചിട്ട് അതുമൂലം അല്പം ആശ്വാസമടയുന്ന മനുഷ്യർ വിരളമല്ല. 'ഒന്നുപറഞ്ഞ് രണ്ടാമത്തേതിന്'' അടി പാസ്സാക്കുന്നത്', ആണത്തത്തിന്റെയും ചുണയുടെയും കയ്യൂക്കിന്റെയും ലക്ഷണമായി ചില അല്പബുദ്ധികൾ വ്യാഖ്യാനിക്കാറുണ്ട്. അടി തിരിച്ചുകിട്ടാൻ സാദ്ധ്യത കുറയുന്നിടത്ത് ശൗര്യം കൂടുകയും ചെയ്യും!

ധൈര്യവും ശൂരത്വവും വേണ്ടതുതന്നെ. പക്ഷേ അവ അന്യനെ ദ്രോഹിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തുമ്പോൾ വിനാശകരങ്ങളായി മാറുന്നു മനുഷ്യരാശിക്ക് 'പ്രായപൂർത്തിയായിട്ടും സംസ്കാരങ്ങൾ അത്യുച്ചകോടിയിലെത്തിയിട്ടും യുദ്ധങ്ങൾ കുറയാത്തതെന്തേ? കാട്ടിലും കാട്ടാളന്മാർക്ക് ഒരു നീതിയുണ്ടായിരുന്നു. ഇന്നു മനുഷ്യർക്ക് അതും നഷ്ടമായോ?

## ധ്യാനപീഠം

എല്ലാ രാഷ്ട്രങ്ങളും എന്നും എപ്പോഴും സംഘർഷനിർഭരമാണ്. അത് ആഭ്യന്തരപ്രശ്നങ്ങൾ കൊണ്ടോ, ബാഹ്യഭീഷണികൊണ്ടോ ആവാം. ഇന്ന് ഏതു ഭരണകർത്താവിനാണ് സ്വൈര്യമായൊന്നുറങ്ങാൻ കഴിയുന്നത്. വെടിയുണ്ടയ്ക്കു തുളച്ചുകയറാൻ കഴിയാത്ത ലോഹക്കുപ്പായങ്ങൾ അണിയാതെ വെളിയിൽ പ്രത്യക്ഷപ്പെടാൻ, അധികാരം കയ്യാളുന്നവരായ അത്യുന്നതന്മാക്ക് കഴിയാതെയിരിക്കുന്ന നിലവരെ എത്തിയിരിക്കുന്നു, ആധുനികമനുഷ്യസംസ്കാരത്തിന്റെ പുരോഗതി. ഐക്യരാഷ്ട്രസഭയുടെ ചർച്ചകളും, സമ്മേളനങ്ങളും അധിക പങ്കും യുദ്ധങ്ങളെയും രാജ്യങ്ങളുടെ warlike നിലപാടുകളെയും ലഘൂകരിക്കാനല്ലേ ഉപയുക്തമാകുന്നത്?

യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും വ്യയവും പ്രത്യാഘാതങ്ങളും, അവ വരുത്തുന്ന ദുരിതങ്ങളും അറിയാത്തവരല്ല മനുഷ്യർ. അതെല്ലാം അറിഞ്ഞുകൊണ്ടുതന്നെ അവർ കുരുക്ഷേത്രത്തിലേയ്ക്കു കുതിക്കുന്നു. എല്ലാ കക്ഷികളും അവരവരുടെ ഭാഗം ന്യായവും സത്യവുമാണെന്നു സ്ഥാപിക്കാൻവെമ്പൽകൊള്ളുന്നു. ഒന്നിലധികം 'സത്യങ്ങൾ' യുദ്ധത്തിലേർപ്പെട്ടാൽ പരിഹാരം കാണുക എളുപ്പമല്ലല്ലോ.

യുദ്ധങ്ങളുടെ തുടക്കം അടർക്കളത്തിലല്ല; രാജാക്കന്മാരുടെ അരമനകളിലുമല്ല; മനുഷ്യഹൃദയത്തിലാണ്. അവിടെ ഉടലെടുത്തു വേരോടിയുറയ്ക്കുന്ന വെറുപ്പും വിദ്വേഷവും അസൂയയും, അത്യാഗ്രഹങ്ങളുമാണ്, ഒരു കാരണം കണ്ടുപിടിച്ച് 'ന്യായമായ ഒരു ധർമ്മയുദ്ധ'ത്തിന് മനുഷ്യരെ പ്രേരിപ്പിക്കുന്നത്. പക്ഷേ ഇതൊന്നും ഇവയിലൊന്നുപോലും മറ്റൊരു മനുഷ്യജീവൻ എടുത്തുകളയുന്നതിന് കാരണമാവില്ല. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടവരുടെ ഹൃദയഭേദകമായ നിലവിളി, യുദ്ധപ്രിയന്മാരുടെ സർവ ഉത്സാഹവും ഉരുക്കിക്കളയുന്നതാണ്.

**പ്രാർത്ഥന:–** ദൈവമേ, മനുഷ്യരുടെ ഇടയിൽ കലഹവും, സംഘട്ടനങ്ങളും വിളിച്ചുവരുത്തുന്ന സംശയം, അസൂയ, ധനമോഹം, വെറുപ്പ്, ആദിയായ ദുർഗ്ഗുണങ്ങളെ ഞങ്ങളിൽനിന്നകറ്റി, അവയ്ക്കു പകരം പരസ്പരസ്നേഹം, വിട്ടുവീഴ്ചാമനോഭാവം, നിസ്വാർത്ഥ ബുദ്ധി, ത്യാഗമനസ്ഥിതി ആദിയായ സുകൃതങ്ങൾ ഞങ്ങളിൽ വളർത്തണമേ. യുദ്ധതല്പരനായ ശത്രുവിനെ ഞങ്ങളിൽനിന്നും നിന്റെ സ്ലീബായാൽ പായിക്കേണമേ.

**ചിന്താവിഷയം:–** 2 ശമുവേൽ 1:25–26 ''യുദ്ധമദ്ധ്യേ വീരന്മാർ പട്ടുപോയതെങ്ങിനെ? നിന്റെ ഗിരികളിൽ യോനാഥാൻ നിഹതനായല്ലോ. യോനാഥാനേ എന്റെ സഹോദരാ നിന്നെച്ചൊല്ലി ഞാൻ ദുഃഖിക്കുന്നു.'

**ഫാ. ജേക്കബ് ചെറിയാൻ**



# ക്രിസ്താനുകരണം

**തോമസ് എ. കെമ്പിസ്**

**വിവ. പ്രൊഫ. കെ. വി. തമ്പി**

മുറിവിനെ എങ്ങനെ സ്വീകരിക്കണം യഥാർത്ഥ ക്ഷമ എങ്ങനെ വെളിപ്പെടുത്തണം.

നാഥന്റെ സ്വരം: നിന്റെ മൊഴിയായി ഞാൻ കേൾക്കുന്നത് എന്താണ്? എന്റെ മകനേ? എന്റെ സഹനങ്ങളെ നോക്കുക; വിശുദ്ധന്മാരുടെ സഹനങ്ങളെയും. എന്നിട്ട് നീ നിന്റെ പരിദേവനം അവസാനിപ്പിക്കുക. പാപത്തിനെതിരെയുള്ള നിന്റെ പോരാട്ടം ഇനിയും ചോരചിന്തലിൽ ആയിട്ടില്ല. ശക്തമായ പ്രലോഭനങ്ങളെ നേരിടുകയും കഠിനമായി ബുദ്ധിമുട്ടുകയും ശോധന ചെയ്യപ്പെടുകയും പലവട്ടം പരീക്ഷിക്കപ്പെടുകയും ചെയ്തവരുടെ യഥാർത്ഥ സഹനങ്ങളോട് താരതമ്യം ചെയ്യുമ്പോൾ, നിനക്ക് അഭിമുഖീകരിക്കേണ്ടവ ഒന്നുമല്ല. അപരന്മാരുടെ ഭാരവത്തായ വിചാരണകളെ നിന്റെ മനസ്സിൽ തിരിച്ചും മറിച്ചും പരിശോധിക്കുക; അപ്പോൾ നിന്റെ സ്വന്തമായ, അപ്രധാനങ്ങളായവയെ വഹിക്കുക നിനക്ക് എളുപ്പമാകും. അവ അപ്രധാനങ്ങളാണെന്ന് നീ ചിന്തിക്കുന്നില്ലെങ്കിൽ നിന്റെ ക്ഷമയുടെ അഭാവമാണ് അവയ്ക്ക് കാരണമെന്നതിനാൽ അത് ഒഴിവാക്കാൻ ശ്രദ്ധിക്കുക.

എന്നാൽ അവ ഗുരുവോ ലഘുവോ എങ്കിലും അവയെല്ലാം ക്ഷമയോടെ വഹിക്കാൻ ലക്ഷ്യമിടുക. ഈ കാര്യങ്ങളോട് ക്ഷമാപൂർവ്വം വിധേയപ്പെടാൻ നിന്റെ മനസ്സിനെ നീ ഒരുക്കുകയാണെങ്കിൽ, നീ ബുദ്ധിപൂർവ്വം പ്രവർത്തിക്കുകയായിരിക്കും, മാത്രമല്ല കൂടുതൽ ഗുണത്തെ നേടുകയും ചെയ്യും. ഇതിനും പുറമേ ശരിയായ വീക്ഷണം വളർത്തിയെടുക്കാൻ നീ കഠിനാദ്ധ്വാനം ചെയ്ത് ശീലിക്കുകയാണെങ്കിൽ, അവയെ സഹിക്കുക എളുപ്പമാണെന്ന് നീ കണ്ടെത്തും.

നീയൊരിക്കലും ഇങ്ങനെ പറയരുത്. അത്തരം ഒരുവനിൽ നിന്നു വരുന്ന ഇത്തരം ഒരു കാര്യത്തിന് കീഴ്പ്പെടാൻ ഞാൻ തികച്ചും അസമർത്ഥനാണ്; മാത്രമല്ല സ്വീകരിക്കുവാൻ എന്നോട് പറയത്തക്ക വസ്തുവുമല്ല അത്. അവൻ എന്നെ വളരെയേറെ ഉപദ്രവിച്ചിരിക്കുന്നു. എന്റെ ചിന്തയ്ക്കു പോലും വിഷയമാകാത്ത എന്തോ ഒന്നിനെച്ചൊല്ലി അവൻ എന്നെ കുറ്റപ്പെടുത്തിയിരിക്കുന്നു. എന്നിട്ടും ഞാനതിനെ മറ്റൊരാളിൽനിന്ന് സ്വീകരിക്കും; സ്വീകരിക്കത്തക്ക ഒരു വസ്തു എന്ന് അതിനെക്കുറിച്ച് ഞാൻ ചിന്തിക്കുന്നുവെങ്കിൽ.

ഇത്തരം വിചിന്തനം ഏറെ വിഡ്ഢിത്തമാണ്. ക്ഷമയിൽ ഒരു നന്മയുണ്ടെന്ന് മനസ്സിൽ കരുതുകയും ദൈവത്തിൽനിന്ന് ഒരു പാരിതോഷികം പ്രതീക്ഷിക്കുകയും ചെയ്യുന്നതിനു പകരം ഏതുതരം ആളുകളിൽ നിന്ന് എന്തൊക്കെ ക്ഷതങ്ങൾ സ്വീകരിക്കേണ്ടി വരുന്നുവെന്ന് എപ്പോഴും തൂക്കിനോക്കുകയായിരിക്കും അത്. താൻ തിരഞ്ഞെടുക്കുന്ന വ്യക്തിയിൽ നിന്ന് ഭവിക്കുന്നതും തനിക്ക് ശരിയായിട്ടുള്ളതിനു മാത്രം വിധേയനാകാൻ സന്നദ്ധനായവൻ യഥാർത്ഥത്തിൽ ക്ഷമാശീലനല്ല. യഥാർത്ഥത്തിൽ ക്ഷമാവാൻ തന്നെ ശോധനയ്ക്ക് വിധേയനാകുന്നത് ആരാണെന്നു ഗൗനിക്കുന്നില്ല–തന്റെ മേലധികാരിയാകട്ടെ അല്ലെങ്കിൽ സമനോ തന്നെക്കാൾ താണവനോ ആകട്ടെ, നല്ലവനോ വിശുദ്ധനോ ആകട്ടെ, ദുഷ്ടനോ അയോഗ്യനോ ആകട്ടെ, എപ്പോഴായാലും എന്തായാലും ഭവിക്കട്ടെ; അത് വഹിക്കുവാൻ കഠിനമായാലും എത്രയും പ്രയാസകരമായാലും ആരു വരുത്തുന്നതായാലും അവയെല്ലാം അവൻ നന്ദിയോടെ, ദൈവഹസ്തത്തിൽനിന്നു വരുന്ന ഒരു പാരിതോഷികമെന്നോണം സ്വീകരിക്കുന്നു അവന്റെ കണ്ണുകളിൽ അത് മഹത്തായ ഒരു ഉപകാരമാണ്, എന്തെന്നാൽ തനിക്കായി സഹിക്കപ്പെടുന്ന യാതൊന്നും, അത് എത്ര ചെറുതാകട്ടെ ദൈവമതിനെ പ്രതിഫലം കൂടാതെ കടന്നുപോകാൻ അനുവദിക്കുന്നില്ല.

അതുകൊണ്ട് വിജേതാവാകാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പോരാട്ടത്തിനു നീ സജ്ജനാകണം. സഹനത്തിൽ നിന്ന് ഒരു കിരീടം നേടുവാനുള്ള ഏക മാർഗ്ഗം ഒരു പോരാട്ടത്തിൽ പങ്കെടുക്കുക എന്നതാണ്. സഹിക്കുവാൻ നീ വിസമ്മതിക്കുകയാണെങ്കിൽ കിരീടത്തിനുള്ള ഏതൊരു സാദ്ധ്യതയേയും നീ നിരസിക്കണം; എന്നാൽ നിനക്ക് കിരീടം വേണമെങ്കിൽ നീ സുധീരമായി പോരാട്ടത്തിൽ ഏർപ്പെടണം; മാത്രമല്ല സംജാതമാകുന്ന സർവ്വത്തേയും ക്ഷമയോടെ അഭിമുഖീകരിക്കണം. വിശ്രാന്തിയിലേയ്ക്കുള്ള വഴിത്താര കഠിന പ്രയത്നത്തിലൂടെ കടന്നുപോകുന്നു; മാത്രമല്ല ഒരു പോരാട്ടമെങ്കിലും കൂടാതെ യാതൊരു വിജയവും ഉണ്ടാകുകയില്ല.

ശിഷ്യൻ: നാഥാ സഹജപ്രകൃതിയനുസരിച്ച് എനിക്കിതു ചെയ്യാൻ കഴിവില്ലെന്നു കാണുന്നുവെങ്കിലും അതു ചെയ്യുവാൻ വരപ്രസാദം എന്നെ സമർത്ഥനാക്കുന്നു. വളരെയേറെ സഹിക്കുവാൻ എനിക്കു കഴിവില്ലെന്നും നിസ്സാരപ്രയാസത്താൽ പോലും ഞാൻ നിരാശനാകുമെന്നും നിനക്കറിയാമല്ലോ. എന്നെ ശോധനയ്ക്ക് വിധേയമാക്കുന്ന ഏതൊരു പ്രയാസത്തേയും നിന്റെ നാമത്തിൽ സ്നേഹിക്കുവാനും സഹിക്കുവാനും എനിക്കു പ്രാപ്തി നല്കുക; എന്തെന്നാൽ നിനക്കുവേണ്ടി ബുദ്ധിമുട്ടും സഹനവും അനുഭവിക്കുമ്പോഴാണ് എന്റെ ആത്മാവിന് മുക്തി ലഭിക്കുന്നത്.

**പ്രാർത്ഥനാവലയം**

ഫാ. പി. എൻ. പോൾ,
മാർ കുറിയാക്കോസ് ആശ്രമം,
മൈലപ്ര. പി. ഒ.
പത്തനംതിട്ട.

ഫോൺ. 04751 - 2295

**പ്രാർത്ഥനയിൽ ഓർക്കപ്പെടേണ്ട പേരുകൾ.**
**31.15. 89 വരെ.**

(1) HPG 71 Miss J.M.
a) രോഗസൗഖ്യം (ക്യാൻസർ b) കുടുംബസമാധാനം

2) HPG–72 Mrs. A. G. വെള്ളൂർ
a) കുടുംബസമാധാനം, ആരോഗ്യം,
b) മകന്റെ വിദ്യാഭ്യാസം, ദൈവാശ്രയം.

3) HPG–73 Mr. S. J.
a) മദ്യപാനം b) മത്സരം

4) HPG–74 Miss B.E.
a) വിദ്യാഭ്യാസം b) സഹോദരന് നല്ല സ്വഭാവം.
c) മാതാപിതാക്കൾക്ക് നല്ല ആരോഗ്യം

5) HPG-75 Mr. P.B.
a) രോഗശാന്തി b) മനസ്സമാധാനം.

6) HPG–76 a) Mr. K.C.M., b) Mrs. M, Sis. S, c) Miss S, d) Miss S, e) Miss S, f) Mr. S.
1) സമാധാനം 2) സന്തോഷം, 3) വീടുപണി 4) മക്കളുടെ നല്ലഭാവി

7) HPG–77 Miss. M. V
വിദ്യാഭ്യാസം

8) HPG–78 Mr. S.Z.
a) പിതാവിന്റെ രോഗസൗഖ്യം b) നല്ലഭാവി c) കൂടുതൽ ദൈവകൃപ

9) HPG–79 Mr. ETM.
ദൈവകൃപ

10) HPG–80 Dr. P.D.G., Mrs. A, Mr. P.D.J.
സൂസൻ, ആനി, എലിസബേത്ത്, റേച്ചൽ
കൂടുതൽ ദൈവകൃപ.

11) HPG-81 a) E.M. b) A.M. c) B. M.
1) വിദ്യാഭ്യാസം 2) കുടുംബസമാധാനം

12) HPG–82 M.K.J.
a) വിദ്യാഭ്യാസം, ആത്മീയ വളർച്ച
b) ദൈവവേല ചെയ്യാനുള്ള ഒരുക്കം.
c) ഭവനത്തിൽ സമാധാനം

# പ. ഗീവർഗീസ് ദ്വിതീയൻ സ്മരണകൾ

## ഒരു സേവകൻെറ ഓർമ്മകൾ

കുഞ്ഞുകുഞ്ഞു്, ദേവലോകം

പഴയസെമിനാരി മുതൽ എം. ഡി. സെമിനാരിവരെ ഏകദേശം അഞ്ചു കിലോമീററർ ദൂരം. കമനീയമായ വെള്ളത്തോരണങ്ങരം കൊണ്ടു് പൂപ്പന്തൽ നിർമ്മിച്ചിരിക്കുന്നു. എങ്ങും ആഹ്ളാദത്തിമിർപ്പ്. ഉത്സവപ്രതീതി. തലയിൽ കവിണിയണിഞ്ഞ സ്ത്രീകളും, കൈത്തുമ്പിൽ കുസൃതിക്കുട്ടൻമാരായ കുഞ്ഞുങ്ങളും, പുരുഷൻമാരും, ചെറുപ്പക്കാരും എല്ലാം തന്നെ അതിരാവിലെ മുതൽ കോട്ടയത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നും എം. ഡി. സെമിനാരിയെ ലക്ഷ്യമിട്ടു് നടന്നു നീങ്ങിത്തുടങ്ങിയിരിക്കുന്നു. കല്ലാശ്ശേരിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിക്കു് കാതോലിക്കാ സ്ഥാനം നല്കുന്ന സുദിനം. ഓർമ്മയിൽ ഇന്നും ഒളിമങ്ങാതെ നില്ക്കുന്ന ആ ചിത്രം. ദീർഘകാലം പഴയസെമിനാരിയിൽ സേവകനായിരുന്ന മുട്ടത്തുപറമ്പിൽ ഏബ്രഹാം മകൻ കുഞ്ഞുകുഞ്ഞു് അനുസ്മരിക്കുന്നു.

വട്ടശ്ശേരിൽ തിരുമേനിയായിരുന്നു പട്ടംകൊട ശുശ്രൂഷയുടെ പ്രധാന കാർമ്മികൻ കാതോലിക്കാ സ്ഥാനാരോഹണശേഷം ബാവാ പഴയസെമിനാരിയിലേയ്ക്കെഴുന്നെള്ളി. 'തിക്കിത്തിരക്കുന്ന ആരാധകരുടെ കൂട്ടത്തിൽ നിന്നകന്നു് ദൂരത്തുമാറി ശാന്തമായി വളരെ നേരം ആ മുഖത്തു് വെട്ടിത്തിളങ്ങിയ ശോഭ ഞാൻ നോക്കി നിന്നു. അന്നു മുതൽതന്നെ അദ്ദേഹത്തിൻെറ സേവകരിൽ ഒരാളായി കൂടണമെന്നു് ആഗ്രഹം എങ്ങനെയോ മനസ്സിൽ ഉണ്ടായി. അന്നു വൈകിട്ടു് തിരുമേനിക്കു് അത്താഴം വിളമ്പിക്കൊടുക്കാനുള്ള ഭാഗ്യം എനിയ്ക്കുണ്ടായി. 'എടോ നല്ല കേമമായ ഭക്ഷണം' തിരുമേനിയുടെ വായിൽനിന്നു വീണ ആ വചനം എനിക്കു് ഒരു ഉരം പുളകമായി. തുടർന്നു് തിരുമേനി കാലം ചെയ്യുന്നതുവരേയും അദ്ദേഹത്തിൻെറ ഭക്ഷണമേശയിലെ ശുശ്രൂഷക്കാരനായിരിക്കുവാനുള്ള ഭാഗ്യവും എനിക്കു തന്നെ ആയിരുന്നു.

അന്നു് അടുക്കളയിൽ ഭക്ഷണം പാകം ചെയ്തിരുന്നതു് ചാത്തന്നൂർക്കാരൻ തോമായും, കുടശ്ശനാട്ടുകാരൻ ഉണ്ണിയും, മാവേലിക്കരക്കാരൻ അപ്പനുംആയിരുന്നു. തിരുമേനിയുടെ ഇഷ്ടവിഭവങ്ങരം തയ്യാറാക്കുന്നതിൽ അവർക്കു് ഒരു പ്രത്യേക താല്പര്യംതന്നെ ഉണ്ടായിരുന്നു.

> പ. ബാവാ കാതോലിക്കാസ്ഥാനം ഏററു മുതൽ അന്ത്യം വരെ തിരുമനസ്സിലെസേവകനായിരുന്ന മുട്ടത്തുപറമ്പിൽകുഞ്ഞുകുഞ്ഞു് ഇപ്പോഴം ദേവലോകം ഓഫീസിൽ സേവനം അനുഷ്ഠിക്കുന്നു.
>
> തയ്യാറാക്കിയതു്
> —ഫാ. സി. എ. ഐസക്ക്

അരിപ്പുട്ടു് ആയിരുന്നു തിരുമേനിക്കു് ഏററം ഇഷ്ടപ്പെട്ട പലഹാരം. പഴം, ഏത്തയ്ക്കാ പുഴുങ്ങിയതു്, താറാമുട്ട, മീൻ എന്നിവയും ഇഷ്ടമായിരുന്നു.

നോമ്പുകാലങ്ങളിൽ ഇരുപത്തിരണ്ടരവരെ ഉപവാസം: പിന്നെ കഞ്ഞി ചക്കയോ കപ്പയോ നല്ലതുപോലെ കുഴച്ചു് കടുകു വറുത്തെടുത്തതു് അല്പം; കറച്ചു പയറുതോരൻ, മാങ്ങയോ, നാരങ്ങയോ അച്ചാർ ഇത്രയുമായാൽ തൃപ്തിയായി. വൈകിട്ടു് അത്താഴവും വളരെ ലഘുവായിതന്നെ. ഭക്ഷണമേശയിൽ തിരുമേനി കോപിഷ്ഠനായതായി ഞാൻ ഓർമ്മിക്കുന്നതേയില്ല. ഒരു പ്രത്യേക ഭക്ഷണവും നിർബ്ബന്ധമില്ല. സാധാരണ ഭക്ഷണങ്ങളെല്ലാം തന്നെ ഇഷ്ടം. എങ്കിലും തിരുമേനിക്കു് ഏററവും ഇഷ്ടമുള്ളതു് ചോദിച്ചറിയും. അതു് തയ്യാറാക്കി കൊടുക്കും. അങ്ങനെയുള്ള അവസരങ്ങളിൽ തിരുമേനിയേക്കാരം കൂടുതൽ ഞാൻ സംതൃപ്തി കണ്ടെത്തി.

തിരുമേനിയെപ്പററി ഓർക്കുമ്പോരം എൻെറ മനസ്സിൽ മായാതെ നില്ക്കുന്ന ചിത്രം രാത്രിയുടെ ഏകാന്തതയിൽ കട്ടിലിനരികിൽ താഴെ മുട്ടിൻമേൽ കൈ തൊഴുതു നില്ക്കുന്ന രൂപമാണു്. തിരുമേനിയുടെ മുറിയുടെ ഒരരികിൽതന്നെയായിരുന്നു എൻെറയും കിടക്ക. രാത്രിയിൽ മുട്ടിൻമേൽ നില്ക്കുന്ന തിരുമേനിയുടെ രൂപം കണ്ടു് ആദ്യദിവസങ്ങളിൽ ഞാൻ ഭയപ്പെട്ടിട്ടുണ്ടു്. പ്രാർത്ഥനയിൽ അദ്ദേഹം പാലിച്ചിരുന്ന നിഷ്ഠയും, ഏകാഗ്രതയും എന്നെ വളരെയേറെ ആകർഷിച്ചിട്ടുണ്ടു്.

തിരുമേനിയുടെ മുഖശോഭ ആരേയും ആകർഷിക്കത്തക്കതും, എന്നാൽഭയചകിതരാക്കുന്നതും ആയിരുന്നു. സഭയിലെ എല്ലാ പ്രമുഖനേതാക്കളും തിരുമേനിയുടെ അടുക്കൽ ഭയഭക്തിയോടുകൂടി മാത്രമേ വരിക പതിവുള്ളു. ചാക്കോ സുപ്രണ്ടു്, പത്തനംതിട്ടയുള്ള പത്രോസു് മത്തായി, റാവു സാഹിബ്, ഒ.എം. ചെറിയാൻ; എ. എം. വർക്കി, വലിയച്ചായൻ എന്നു ഞങ്ങരം വിളിക്കുന്ന മാമ്മൻ മാപ്പിള, ഇ. ജെ. ഫിലിപ്പോസു്, ജോൺ ജേക്കബ് തുടങ്ങിയവരെല്ലാംതന്നെ തിരുമേനിയുടെ അടുക്കൽ എത്തിയാലുടൻ തോർത്തെടുത്തു് അരയിൽ കെട്ടും. വലതു കൈ വായോടു ചേർത്തു് പൊത്തി 'അടിയൻ അടിയൻ......' എന്നു പറഞ്ഞു മാത്രമേ സംസാരിക്കാറുണ്ടായിരുന്നുള്ളു. എന്തെന്തു ഓർമ്മകരം. പറയുവാൻ ധാരാളം. പറഞ്ഞുതീരാത്ത ആവേശം കുഞ്ഞുകുഞ്ഞിൻെറ മുഖത്തു്.

---

ചർച്ചാവേദി ഭദ്രാസനവിഭജനം ചർച്ചാവേദി ഭദ്രാസനവിഭജനം ചർച്ചാവേദി

## ഭദ്രാസന വിഭജനം

ശ്രീ. കെ. സി. മത്തായി

റിട്ട. അസി. എക്സി. എൻജിനീയർ, തിരുവല്ല

അൻപതു് ഇടവകയ്ക്കു് ഒരു ഭദ്രാസനം എന്ന ക്രമത്തിൽ ഭദ്രാസന വിഭജനാശയം പ്രബലപ്പെടുന്നു. ഒന്നിടവിട്ട ഞായറാഴ്ചകളിൽ ആരാധനയുള്ളതുരംപ്പെടെ സാമ്പത്തിക ഭദ്രതയുള്ളതും 70-ൽ കൂടുതൽ പള്ളികളുള്ളതുമായ എല്ലാ ഭദ്രാസനങ്ങളും താമസിയാതെ വിഭജിച്ചാൽ നന്നായിരുന്നു. ഇപ്പോരംതന്നെ ചില ഇടവകകളുടേയോ അംഗങ്ങളുടേയോ ആവശ്യങ്ങരംക്കു് മററു് ഭദ്രാസനാധിപന്മാരെയാണു് ആശ്രയിക്കേണ്ടിയിരിക്കുന്നതു്.

### മല്ലപ്പള്ളി ശ്രമം

മല്ലപ്പള്ളി കേന്ദ്രമായുള്ള ഒരു ഭദ്രാസനം രൂപീകരിക്കുന്നതിനു് അപേക്ഷ 1988 ഫെബ്രുവരിയിൽ സമപ്പിക്കപ്പെട്ടു. ആ അപേക്ഷയ്ക്കു് തടസ്സവാദങ്ങരം നിരണം ഭദ്രാസനത്തിലെ കിഴക്കൻ മേഖലയിലുള്ള 31 വൈദികരുടേതായി 19.10.1988ൽ മാനേജിംഗ് കമ്മിററിയിൽ ഉന്നയിച്ചു. അവർ ഉന്നയിച്ച മിക്കവാറും കാരണങ്ങരം ന്യായങ്ങളായതിനാൽ മല്ലപ്പള്ളി ഭദ്രാസന രൂപീകരണ ശ്രമങ്ങളെ ശക്തിയുക്തം എതിർക്കേണ്ടതാണു്. എന്നാൽ മല്ലപ്പള്ളി ലിസ്റ്റിലുള്ള 37 പള്ളികളിൽ 25 പള്ളികളു സ്വയംപര്യാപ്തങ്ങളാണെന്നു് മാന്യ വൈദികർ തന്നെ സമ്മതിച്ചിട്ടുണ്ടു്. സാമ്പത്തിക പരാധീനതയുള്ള ബാക്കി 12 പള്ളികളുടെ കുറവുകരം പരിഹരിക്കത്തക്ക വണ്ണം തിരുവല്ലാ പട്ടണത്തിലും, പുളിക്കീഴ് വരെയുള്ളതുമായ 13 പള്ളികളുംകൂടി ചേർത്തു്, സൗകര്യമായ സ്ഥലം കേന്ദ്രമാക്കി ഒരു പുതിയ ഭദ്രാസനം രൂപീകരിക്കപ്പെട്ടാൽ സാമ്പത്തികവൈഷമ്യം ഉണ്ടാകാനിടയില്ല. പുളിക്കീഴാറിനു് തെക്കോട്ടും പടിഞ്ഞാട്ടുമുള്ള ബാക്കി അമ്പതോളം പള്ളികരം ചേർത്തു് നിരണമോ പരുമലയോ കേന്ദ്രമായി നിരണം ഭദ്രാസനമായിതന്നെ തുടരാവുന്നതാണു്.

### മാവേലിക്കര ആലോചനകൾ

ഇപ്പോഴത്തെ നിരണം ഭദ്രാസനത്തിലെ ചെന്നിത്തല മുതൽ തെക്കോട്ടും പടിഞ്ഞാട്ടുമുള്ള പള്ളികരംകൂടി ചേർത്തു് മാവേലിക്കര കേന്ദ്രമാക്കി ഭദ്രാസന രൂപീകരണത്തിനു് ആലോചനയുള്ളതായും കേരംക്കുന്നു. നേരത്തെതന്നെ നിരണം ഭദ്രാസനത്തിലെ കുറെ പള്ളികരം ചെങ്ങന്നൂർ ഭദ്രാസനത്തിലേയ്ക്കു് മാററുകയുണ്ടായി. അതിനു് മുമ്പുതന്നെ നിരണം ഭദ്രാസനത്തിലുണ്ടായിരുന്ന നൂറിലധികം പള്ളികളെതന്നെ രണ്ടു ഭദ്രാസനങ്ങളായി വിഭജിക്കേണ്ടതായിരുന്നു. ഇനിയെങ്കിലും നിരണം ഭദ്രാസനത്തെ രണ്ടാക്കാതെ, പള്ളികരം മററു് ഭദ്രാസന രൂപീകരണത്തിനു് വിട്ടു കൊടുക്കുന്നതു് ഖേദകരമാണു്. അങ്ങനെ വിട്ടുകൊടുക്കുന്ന പക്ഷം, അതു് നിരണം ഭദ്രാസനത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടേയും വികാരങ്ങളെ വ്രണപ്പെടുത്തുമെന്നതിനു് സംശയമില്ല.

### നിരണം ഭദ്രാസന വിഭജനം

മലങ്കരയിലെ വലിയ ഭദ്രാസനങ്ങളായിരുന്ന കൊല്ലം, തുമ്പമൺ, കോട്ടയം, മലബാർ ഭദ്രാസനങ്ങരം അടുത്തയിട വിഭജിക്കപ്പെട്ടതോടുകൂടി ഏററവും സമ്പന്നവും വിസ്തൃതവുമായ നിരണം ഭദ്രാസനവും വിഭജിക്കേണ്ടതായിരുന്നു. ഇപ്പോഴംനൂറോളം ആരാധനാലയങ്ങളുള്ള ഈ ഭദ്രാസനം പടിഞ്ഞാറു് ആലപ്പുഴ മുതൽ കിഴക്കു് തിരുവല്ലാ കഴിഞ്ഞു് മല്ലപ്പള്ളിക്കപ്പുറം സഹ്യപർവ്വത സമീപം വരെയുള്ള പ്രദേശങ്ങരം ഉരംപ്പെടെ അതിവിസ്തൃതമാണു്. സ്ഥലവിസ്തൃതിയും ഇടവകകളുടെ വർദ്ധനവും നിമിത്തം മുൻഭദ്രാസനാധിപൻെറ കാലം മുതലെ വർഷത്തിലൊരു ഞായറാഴ്ചവീതം ഇടവകകളെല്ലാം സന്ദർശിക്കുന്നതിനും, വേണ്ടത്ര ജനസമ്പർക്കം പുലർത്തുന്നതിനും സാധിച്ചിരുന്നില്ല. ആഗോളാടിസ്ഥാനത്തിലുള്ള ചില സംഘടനാ പ്രവർത്തനങ്ങളിൽവരെ പങ്കുകൊള്ളേണ്ട ഇപ്പോഴത്തെ തിരുമേനി 2, 3, വർഷത്തിലൊരിക്കലെങ്കിലും എല്ലാ പള്ളികളും സന്ദർശിക്കുന്നതിനു വളരെ ക്ലേശിക്കുന്നുണ്ടു്. സന്ദർശിക്കേണ്ട ഇടവകകളുടെ എണ്ണം കുറച്ചു് പിതാവിനു് മിഷ്യനറി പ്രവർത്തനങ്ങരംക്കു് കൂടുതൽ സമയം ലഭിക്കുന്നപക്ഷം, സഭയ്ക്കു് തന്നെ അതു് വലിയ നേട്ടമായിരിക്കും. പിതാവു് ആഗ്രഹിക്കുന്ന പ്രകാരം 75-ാം വയസ്സിൽ ഭദ്രാസനഭരണഭാരം ഒഴിയുന്നതു് സഭയ്ക്കു് നഷ്ടമാണു്. മറിച്ചു് ഇടവകകളുടെ എണ്ണം കുറച്ചു് 80 വയസ്സുവരെയെങ്കിലും ഭദ്രാസനാധിപനായി തുടരുന്നതു് എല്ലാവർക്കും പ്രയോജനപ്രദവും അനുഗ്രഹപ്രദവുമാണു്.

തിരുവനന്തപുരം, ചെങ്ങന്നൂർ, ഇടുക്കി, കുന്നംകുളം, ബത്തേരി തുടങ്ങി കേരളത്തിലെ പുതിയ ഭദ്രാസനങ്ങരംപോലും വലിയ പുരോഗതിയുടെ പാതയിലാണു്. വിസ്തൃതവും സമ്പന്നവുമായ ഇപ്പോഴത്തെ നിരണം ഭദ്രാസനവും രണ്ടായി വിഭജിക്കുന്നതു് കൂടുതൽ പുരോഗമനാത്മകമായിരിക്കുമെന്നു് പരിശുദ്ധ സുന്നഹദോസിൻെറയും ബഹുമാനപ്പെട്ട മാനേജിംഗ് കമ്മററിയുടെയും ദയാപൂർവ്വമായ ശ്രദ്ധയ്ക്കു് സവിനയം സമർപ്പിക്കുന്നു.

---

*അപേക്ഷകൾ ക്ഷണിക്കുന്നു*

**മലങ്കര പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ്**

മലങ്കര എക്യുമെനിക്കൽ എഡ്യൂക്കേഷൻ സൊസൈററിയുടെ തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിൻെറ ഭാഗമായി കേരളത്തിൽ വിവിധ ജില്ലകളിലായി–തിരുവല്ലാ, കോഴഞ്ചേരി, കൊട്ടാരക്കര, ചെറുവക്കൽ (ആയൂർ), കരവാളൂർ (പുനലൂർ), നെയ്യാററിൻകര, എടത്വാ, അമ്പലപ്പുഴ, ആലപ്പുഴ, ചേർത്തല, തൃശ്ശൂർ, പാലക്കാട്, മഞ്ചേരി, കോഴിക്കോട്ടു് തുടങ്ങിയ സ്ഥലങ്ങളിൽ പ്രശസ്തമായ വിധത്തിൽ നടത്തിവരുന്ന പ്രീ-പ്രൈമറി/നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിൻെറ 10–ാമതു് ബാച്ചു് ജൂണിൽ ആരംഭിക്കുന്നു

പരിശീലനാനന്തരം തൊഴിൽ സാദ്ധ്യതയുള്ള ഈ കോഴ്സിലേയ്ക്കു് ഓരോ സ്ഥലങ്ങളിലും 25 വനിതകളെ വീതം തിരഞ്ഞെടുക്കുന്നു. പള്ളികരം, സംഘടനകരം എന്നിവിടങ്ങളിൽനിന്നും ശുപാർശ ചെയ്യുന്നവർക്കു് മുൻഗണന നൽകും. പരീക്ഷായോഗ്യത S.S.L.C. മുതൽ (ഇപ്പോരം പരീക്ഷക്കു് എഴുതിയിട്ടുള്ളവർക്കും അപേക്ഷിക്കാം) കുറഞ്ഞ ചിലവിൽ താമസസൗകര്യം. വിശദവിവരങ്ങരം അടങ്ങിയ പ്രോസ്പക്ടസിനും അപേക്ഷാഫാറത്തിനും Rs. 10/–മാനേജിംഗ് ഡയറക്ടർ, മലങ്കര എക്യുമെനിക്കൽ എഡ്യൂക്കേഷൻ സൊസൈററി; തിരുവല്ലാ, കോഴഞ്ചേരി P. O., ഫോൺ 551.

N.B. ഈ സൊസൈററിയിൽനിന്നും ഇതുവരെ കോഴ്സ് പൂർത്തിയാക്കി ജോലി ലഭിക്കാതെ നില്ക്കുന്നവർ 1989 ജൂൺ 5 നു് മുമ്പായി കോഴഞ്ചേരി ഓഫീസുമായി ബന്ധപ്പെടാവുന്നതാണു്.

ആവശ്യമുണ്ടു്: B.Ed., B.Com., Nursery Teacher, ഹോംസയൻസ്, സെക്രട്ടേറിയൽ (വനിതകരം മാത്രം)

# ഇവരെ പരിചയപ്പെടുക

# ഇവരുടെ പ്രാർത്ഥനകളും

**കെ. ജോൺ മാത്യൂസ്, തുമ്പമൺ**

## അപ്പാ-അപ്പാ-അപ്പാ

## എന്നെയും-ഏശാവ്

ജന്മനാൽ തന്നെ വൈരുദ്ധ്യങ്ങളുടെ ഉടമകളായിരുന്നു യാക്കോബും ഏശാവും. രൂപത്തിലും ഭാവത്തിലും പെരുമാററത്തിലും, ജീവനോപാധിയിലും വ്യത്യസ്തർ. രോമാവൃതശരീരത്തോടുകൂടിയ യേശാവിന്റെ നിറം ചുമന്നതായിരുന്നെങ്കിൽ അനുഗൃഹീത രൂപസൗഭഗതയുടെ ഉടമയായിരുന്നു യാക്കോബ്. ഉളവായപ്പോൾ തന്നെ ദൈവത്തിന്റെ സുലഭമായ അനുഗ്രഹം ലഭിച്ച യാക്കോബ് ഗർഭഗൃഹത്തിൽ വച്ചുതന്നെ തന്റെ സഹോദരന്റെ കുതികാൽ പിടിച്ചു. 'പുരുഷപ്രായത്തിൽ ദൈവത്തോട് പൊരുതി, ദൂതനോട് പൊരുതി, ജയിച്ചു.' കരഞ്ഞ് യഹോവയോട് അപേക്ഷിച്ച് അനുഗ്രഹം പിടിച്ചുവാങ്ങി. അനുജനെങ്കിലും ജ്യേഷ്ഠൻ തന്നെ സേവിക്കും എന്ന് വരം ലഭിച്ചു. ജ്യേഷ്ഠന്റെ വംശത്തെക്കാൾ ശക്തമായ വംശത്തിന്റെ ഉടമയായിരിക്കും തന്റേതെന്ന് യഹോവയുടെ വാഗ്ദാനം ലഭിച്ചു. ക്രാന്തദർശിയും ബുദ്ധിമാനുമായ യാക്കോബ് ഇടയനായിരുന്നെങ്കിൽ പരുക്കനും ശുദ്ധനുമായ ഏശാവ് സാഹസികനായ വേട്ടക്കാരനായിരുന്നു.

യാക്കോബ് അമ്മയുടെ കണ്ണിലുണ്ണിയായിരുന്നു. ഏശാവ് അപ്പന്റെ വത്സലപുത്രനും. വേട്ടക്കാരനായ ഏശാവ് രുചിയുള്ള ഇറച്ചി നൽകി അപ്പനെ പ്രസാദിപ്പിച്ച് സ്നേഹം ഉന്നമിപ്പിക്കുന്നതിൽ വിജയിച്ചുവെങ്കിൽ തന്റെ പെരുമാററചാതുരികൊണ്ടും നിരന്തര സമ്പർക്കംകൊണ്ടും അമ്മയ്ക്ക് തന്നോടുള്ള സ്നേഹം വർദ്ധിപ്പിക്കുന്നതിൽ യാക്കോബും വിജയിച്ചു.

'ഭാവിയിൽ എന്തുംവരട്ടെ തല്ക്കാലം വിശപ്പടക്കാം.'' എന്ന് കരുതി ജ്യേഷ്ഠാവകാശം യാക്കോബിന് വിററ് ഏശാവ് പായസം വാങ്ങി വിശപ്പടക്കിയപ്പോൾ ഭാവി ജീവിതപരാഭവത്തിന് തറക്കല്ലിട്ടു. തനിക്ക് ലഭിച്ച ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കിക്കളഞ്ഞ ഏശാവിന് ഏററ കനത്തപ്രഹരമായിരുന്നു പിതാവിൽനിന്ന് തനിക്ക് ലഭിക്കേണ്ട അന്തിമ അനുഗ്രഹം ആൾമാറാട്ടത്തിലൂടെ അന്ധനായ പിതാവിൽനിന്ന് യാക്കോബ് കൈവശമാക്കിയത്.

''എന്റെ മരണം എന്നെന്ന് നിശ്ചയമില്ല. അതിനാൽ എനിക്കുവേണ്ടി വേട്ടതേടി ഇഷ്ടവും രുചികരവുമായ ഭോജനം ഉണ്ടാക്കി ഞാൻ മരിക്കും മുമ്പെ തിന്ന് നിന്നെ അനുഗ്രഹിക്കുന്നതിന് എന്റെ അടുക്കൽ വരിക.'' എന്ന അന്ത്യശാസനം ശിരസ്സാവഹിച്ചുകൊണ്ട് ഏശാവ് വനത്തിൽ പോയ തക്കംനോക്കി അനുഗ്രഹം തട്ടിയെടുക്കാൻ യാക്കോബും അമ്മയുംകൂടി പദ്ധതി തയ്യാറാക്കുന്നു അമ്മയുടെ ആജ്ഞാനുസരണം രണ്ടുകോലാട്ടിൽ കുട്ടികളെ കൊന്ന് യാക്കോബ് കൊണ്ടുവരുന്നു. അമ്മ രുചികരമായ ഭക്ഷണം തയ്യാറാക്കി ഏശാവിന്റെ വിശേഷവസ്ത്രവും ധരിപ്പിച്ച് കോലാട്ടിൻകുട്ടികളുടെ തോൽകൊണ്ട് അവന്റെ കൈകളും രോമമില്ലാത്ത കഴുത്തും പൊതിഞ്ഞ് അപ്പന്റെ അടുക്കൽപറഞ്ഞുവിടുന്നു. ''എന്റെ വഴി യഹോവയ്ക്ക് മറഞ്ഞിരിക്കുന്നു. എന്റെ ന്യായംഎന്റെ ദൈവം കാണാതെ പോയിരിക്കുന്നു. ''എന്ന് വിചാരിച്ചുകൊണ്ട് ഒരുക്കുന്ന വി: വേദപുസ്തകത്തിലെ ആദ്യത്തെ ആദ്യത്തെ ആൾമാറാട്ടകഥ യാക്കോബിന്റെ ഭാവി ജീവിത സംഭവപരമ്പരകൾക്ക് അടിത്തറപാകിയ ആകസ്മിക സംഭവം. മഹോന്നതമായ ദൈവനിയോഗത്തിന് വിധേയനാകുവാൻ പശ്ചാത്തലമൊരുക്കിയ ആകസ്മിക പ്രവൃത്തി.

ഭയാശങ്കകളോടെയെങ്കിലും അമ്മയുടെ നിർബ്ബന്ധപൂർവ്വമായ പ്രേരണയ്ക്ക് വശംവദനായി അമ്മ തയ്യാറാക്കിയ രുചികരമായ മാംസഭോജനവുമായി ഇസ്സഹാക്കിന്റെ അടുക്കൽ ചെല്ലുന്നു. തപ്പിനോക്കിയാൽ ഏശാവ് എന്ന് തോന്നുന്ന ഇവന്റെ ശബ്ദം യാക്കോബിന്റേതല്ലേ എന്ന് ഇസഹാക്ക് സംശയിച്ചെങ്കിലും വിദഗ്ദ്ധമായ പ്രച്ഛന്നവേഷത്തിന്റെ പരിണതഫലമായി ഇവൻ ഏശാവ് എന്നുതന്നെ ഇസഹാക്ക് കരുതി. യാക്കോബ് നൽകിയ ഇറച്ചി തിന്നു തൃപ്തിയായി- സന്തോഷചിത്തനായ ഇസഹാക്ക് യാക്കോബിനെ വിളിച്ച് അടുത്തുനിർത്തി അവന്റെ വസ്ത്രം മണപ്പിച്ചു സംശയം ദൂരീകരിക്കുന്നതിനുവേണ്ടി. ഏശാവിന്റെ വസ്ത്രം അവൻ ധരിച്ചിരുന്നതുകൊണ്ട് ഗന്ധംകൊണ്ട് യാക്കോബ് എന്ന് തിരിച്ചറിഞ്ഞില്ല. ഏശാവ് തന്നെ എന്ന് സ്ഥിരീകരിച്ചു ഇസഹാക്ക് മനംനിറഞ്ഞ് അനുഗ്രഹാശിസ്സുകൾ നല്കി യാക്കോബിനെ ധന്യനാക്കി പറഞ്ഞുവിട്ടു.

യാക്കോബ് പോയിക്കഴിഞ്ഞപ്പോൾ ഏശാവ് വേട്ടയിറച്ചിയുമായി വന്ന് അപ്പനു നല്കുന്നു. 'അപ്പാ തിന്നുക' എന്ന ഏശാവിന്റെ സ്വരം കേട്ടപ്പോൾ അക്ഷരാർത്ഥത്തിൽ ഇസഹാക്ക് ഞെട്ടി. എന്ത്? തന്റെ സംശയം ശരിയായിരുന്നുവോ? യാക്കോബോ മുമ്പേ വന്നത്? അമ്മയുടേയും മകന്റെയും ദുരാലോചനയിൽ ഞാൻ കുടുങ്ങിയോ? അതെ. ഞാൻ കബളിപ്പിക്കപ്പെട്ടു. തന്നെ ഏററവും സ്നേഹിച്ചു. തന്റെ വാത്സല്യം പൂർണ്ണമായും ഏററു വാങ്ങിയ തന്റെ മൂത്തമകന് താൻ ആഗ്രഹിച്ചതു പോലെ അന്ത്യഅനുഗ്രഹം നൽകാൻ സാധിച്ചില്ലല്ലോ എന്നോർത്ത് ഇസഹാക്ക് അത്യന്തം വ്യാകുലചിത്തനായി. തന്റെ നിസ്സഹായാവസ്ഥയിൽ ഭാര്യയും മകനും കൂടി തന്നെ കബളിപ്പിച്ചതോർത്തപ്പോൾ ഇസഹാക്കിന്റെ ദുഃഖം ദ്വിഗുണീഭവിച്ചു. നൽകിയ അനുഗ്രഹങ്ങൾ തിരികെ എടുപ്പാനും സാദ്ധ്യമല്ലല്ലോ എന്നോർത്ത് മനം നൊന്തു.

നിർന്നിമേഷനായി, നിശബ്ദനായി തന്നെ നോക്കിയിരിക്കുന്ന പിതാവിന്റെ നിലപാടിൽ എന്തോ പന്തികേടുണ്ടെന്ന് ഏശാവിന് ബോദ്ധ്യമായി.

''താൻ കബളിപ്പിക്കപ്പെട്ടു എന്ന് ഇസഹാക്ക് അറിയിച്ചപ്പോൾ നിശബ്ദത തളം കെട്ടിനിന്ന അന്തരീക്ഷം ഭേദിക്കുമാറ് ഏശാവ് പൊട്ടിത്തെറിച്ചു തന്നെ ഇറച്ചിക്ക് വിട്ട സമയം അനുജൻ വേഷപ്രച്ഛന്നനായി വന്ന് അപ്പനെ കബളിപ്പിച്ച് അനുഗ്രഹം തട്ടിയെടുത്തല്ലോ എന്നറിഞ്ഞപ്പോൾ വിഷമംകൊണ്ട് ഏശാവ് തീർത്തും തരളിതനായി 'അപ്പാ ദുഃഖം തളം കെട്ടിനിന്ന ആ സംബോധന ഏത് ശിലാഹൃദയന്റെയും കരളലിയിപ്പിക്കുന്നതായിരുന്നു. 'അപ്പൻ എന്നോടിതു ചെയ്തല്ലോ അപ്പാ എന്നെക്കൂടെ അനുഗ്രഹിക്കേണമേ! അവൻ എന്നെ രണ്ടുപ്രാവശ്യം ചതിച്ചു. ഒരിക്കൽ എന്റെ ജ്യേഷ്ഠാവകാശം കവർന്നെടുത്തു. ഇപ്പോൾ എനിക്ക് ലഭിക്കേണ്ട അനുഗ്രഹവും. അപ്പാ ഒരനുഗ്രഹം മാത്രമേയുള്ളോ അപ്പാ! അപ്പാ എന്നെ വേദനിപ്പിക്കല്ലേ തള്ളിക്കളയരുതേ അപ്പാ! അപ്പന്റെ ഏതാഗ്രഹവും ഞാൻ സാധിപ്പിച്ചു തന്നിട്ടുണ്ടല്ലോ അപ്പാ! പിന്നെ എന്തുകൊണ്ട് എന്നെക്കൂടെ അനുഗ്രഹിക്കുന്നില്ല അപ്പാ! അപ്പാ എന്നെക്കൂടെ അനുഗ്രഹിക്കേണമേ' എന്നു പറഞ്ഞു ഇസഹാക്കിന്റെ കാലിൽ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു ''

അവന്റെ വിലാപം കേട്ട് ഇസഹാക്കിന്റെ കണ്ണുകൾ ഈറനണിഞ്ഞു. കണ്ണുനീർ ധാരധാരയായി ഒഴുകി. തന്നെ ഏററവും കൂടുതൽ സ്നേഹിച്ച ഏശാവിന് അന്തിമാനുഗ്രഹം നൽകാൻ സാധിച്ചില്ലല്ലോ എന്നോർത്ത് വിഷമമുണ്ടായി. ഇസഹാക്ക് നിസ്സഹായനായി കുറെനേരം നിന്നു. സങ്കടം തെല്ലു കുറഞ്ഞപ്പോൾ ഏശാവിനെ അടുത്തുനിർത്തി ചുംബിച്ച് ആശ്വസിപ്പിച്ചു അനുഗ്രഹിച്ചു.

# അന്തരിച്ച

# പ്രൊഫ: പി. ഓ. ജോൺ

# ഒരനുസ്മരണം

**പ്രൊഫ: ഏബ്രഹാം തോമസ്**

**മാർത്തോമ്മാകോളേജ് തിരുവല്ല.**

1988 ജൂലൈ 8

തിരുവല്ലാ മാർത്തോമ്മാ കോളേജിനെ സംബന്ധിച്ച് അതൊരു ദുഃഖവെള്ളിയാഴ്ചയായിരുന്നു. കേരളം കണ്ടിട്ടുള്ളതിൽവച്ചേററവും ഭയാനകമായ ദുരന്തങ്ങളിലൊന്നായ പെരുമൺ തീവണ്ടിദുരന്തം അന്നു സംഭവിച്ചു; പ്രസ്തുത അപകടത്തിൽപ്പെട്ട് ഞങ്ങളുടെ സഹപ്രവർത്തകനും കോളേജിന്റെ അഭിമാനഭാജനവുമായിരുന്ന പ്രൊഫ: പി. ഓ. ജോണും മരണമടഞ്ഞു. അതിന്നും, ഒരു തീരാദുഃഖമായി അവശേഷിക്കുന്നു. എന്നോടൊപ്പം പതിനഞ്ചു വർഷക്കാലം സേവനം അനുഷ്ഠിച്ച ജോണിനെപ്പററി സഹപ്രവർത്തകർക്കെല്ലാം നല്ലതേ പറയുവാനുള്ളു.

കോളേജിലെ അദ്ധ്യാപകർക്ക് ഒരു മാതൃകാപുരുഷൻ, വിദ്യാർത്ഥികൾക്ക് ഒരു ഉത്തമ അദ്ധ്യാപകൻ ഈ വിശേഷണങ്ങൾ അദ്ദേഹത്തിന് ഭൂഷണമാണ്. വളരെ സത്യസന്ധമായും ആത്മാർത്ഥമായും തന്നെ ഏൽപ്പിച്ച ജോലി ഭംഗിയായി നിറവേററുന്ന ഒരു അദ്ധ്യാപകനായിരുന്നു പി. ഓ. ജോൺ. അദ്ദേഹത്തിന്റെ സേവനം അധികകാലം ഈ കോളേജിന് ലഭിക്കാതെ പോയത് ഒരു തീരാനഷ്ടമാണ്.

ദീർഘകാലം എൻ. എസ്സ്. എസ്സിന്റെ പ്രോഗ്രാം ആഫീസറായിരുന്ന ജോൺസാർ മാർത്തോമ്മാ കോളേജിന് ഒരു മുതൽക്കൂട്ടായിരുന്നു. അദ്ദേഹമില്ലാത്ത കോളേജ് എത്ര അപൂർണ്ണം എന്നുപോലും ഞങ്ങൾക്ക് തോന്നിപ്പോകുന്നു ആ അസാധാരണ വ്യക്തിത്വത്തിനു മുമ്പിൽ കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ!




പ്രൊഫ: പി. ഓ. ജോണിന്റെ അകാലത്തിലുള്ള നിര്യാണം അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലങ്ങളിലെല്ലാം നികത്താനാവാത്ത ഒരു വിടവാണ് സൃഷ്ടിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കിടയിൽ ആഴത്തിലുണ്ടായിരിക്കുന്ന ആ മുറിവ് കാലം കഴിയുന്തോറും ഉണങ്ങുവാൻ ദൈവം ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## ഷഷ്ഠി പൂർത്തി ആഘോഷിച്ചു

തിരുവല്ല: മലങ്കര സഭാ മാനേജിംഗ് കമ്മററി അംഗവും തിരുവല്ലാഎം.ജി. എം. ഹൈസ്കൂൾ മുൻ ഹെഡ്മാസ്റ്ററുമായ കെ. പി. ബേബിയുടെ അറുപതാം പിറന്നാൾ ആഘോഷിച്ചു. പി. സി. തോമസ് എക്സ്. എം. എൽ. എയുടെ അദ്ധ്യക്ഷതയിൽ കുട്ടപ്പുറം സെന്റ്ജോർജ് ഓർത്തഡോക്സ് പള്ളിയിൽ കൂടിയ അനുമോദനസമ്മേളനത്തിൽ ഫാ: കെ.വി. ജോൺ കെ. എം. മാത്യു തിരുവല്ല, വി. വറുഗീസ് എം. ജി. എം. ഹൈസ്കൂൾ ഹെഡ്മാസ്ററർ, അലക്സാണ്ടർ മുട്ടമ്പറമ്പിൽ എന്നിവർ ആശംസകളർപ്പിച്ചു കെ. പി. ബേബി ജന്മദിനകേക്ക് മുറിച്ചു.

# വിശുദ്ധസഭ

## പരിശുദ്ധാത്മാവിന്റെ പുറപ്പാട്

സൂറിയാനിക്കാർ പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുറപ്പെടുന്നു എന്ന് പ്രഖ്യാപിക്കുമ്പോൾ, റോമാക്കാരും മററു പലരും പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്ന് പറയുന്നു. വേദപുസ്തകപരമായും, ചരിത്രപരമായും നോക്കുമ്പോൾ പിതാവിൽനിന്ന് പുറപ്പെടുന്നു എന്ന് പറയുന്നതാണ് ശരിയായിട്ടുള്ളത്. നമ്മുടെ കർത്താവു തന്നെ നിർവ്വചനം ''പിതാവിൽനിന്ന് പുറപ്പെടുന്ന സത്യാത്മാവ്'' എന്നാണ് (യോഹ. 15:20). പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെപ്പററി വിശ്വാസപ്രമാണത്തിൽ ആദ്യം ചേർത്തിരുന്നത് പിതാവിൽനിന്ന് പുറപ്പെടുന്നു എന്നു തന്നെയായിരുന്നു. പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നുവെന്നുള്ളത് വിശ്വാസപ്രമാണത്തിൽ സുന്നഹദോസ്സു നിശ്ചയമൊന്നും കൂടാതെ നുഴഞ്ഞുകയറിയിട്ടുള്ളതും, പാപ്പാമാരുപോലും എതിർത്തിട്ടുള്ളതുമാണ്. വേദശാസ്ത്രപരമായും ഈ നിർവ്വചനത്തിന് വലിയ പ്രസക്തിയില്ല. പിതാവ് പിതാവാകുന്നത് താൻ ഉൽഭവകേന്ദ്രമാകയാലാണ് (Centre of origination). പുത്രനെപ്പററി പിതാവിൽനിന്നു ജനിച്ചവനെന്നല്ലാതെ, പിതാവിൽനിന്നും പ: റൂഹായിൽനിന്നും ജനിച്ചവനെന്നു പറയുകയില്ലാത്തതുപോലെ പരിശുദ്ധാത്മാവിനെപ്പററി പിതാവിൽനിന്നു പുറപ്പെടുന്നു എന്നല്ലാതെ, പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്ന് പറയാവുന്നതല്ല. പുത്രനും പ: റൂഹായിക്കും പിതൃസ്ഥാനം കൊടുക്കുന്ന ഈ രീതി അസ്വീകാര്യമാണ്.

### (c) മററു വ്യത്യാസങ്ങൾ

വി: കുർബാനയിലെ സത്താഭേദം (Transubstantiation) പാപ്പായുടെ അപ്രമാദിത്വം (Papal infallibility), പാപ്പായുടെ പരമാധികാരം (Papal supermacy), ശുദ്ധീകരണ ദണ്ഡനസ്ഥലം (Purgatury), വി. കന്യകയും മാലിന്യമില്ലാത്ത ജനനം (Immaculate conception of) മുതലായവയാകുന്നു. സഭ, പൌരോഹിത്യം, കൂദാശകൾ എന്നിവയെ സംബന്ധിച്ച മൗലികമായ വ്യത്യാസങ്ങൾ സൂറിയാനിസഭയും റോമാസഭയുമായി ഉണ്ടെന്നു തോന്നുന്നില്ല. വിശ്വാസകാര്യങ്ങളിൽ ഉള്ളതായി നാം കണ്ട വ്യത്യാസങ്ങൾ ഈ രണ്ടു സഭയുടെയും ഐക്യത്തെ എങ്ങനെ ബാധിക്കുന്നു എന്ന് അറിഞ്ഞിരിക്കേണ്ടതാണ്.

പരിപൂർണ്ണമായ ഐക്യത്തിന് വിശ്വാസത്തിന്റെ സകല കാര്യങ്ങളിലുമുള്ള ഐക്യം അത്ത്യന്താപേക്ഷിതമാകുന്നു. കർത്താവിന്റെ സ്വഭാവം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, മുതലായ എല്ലാ കാര്യങ്ങളിലും ഈ രണ്ടു സഭകളും തമ്മിൽ ഐക്യത്തിൽ വരേണ്ടതാണ്. എന്നിരുന്നാലും ഈ രണ്ടു സഭകളും പരിപൂർണ്ണ അനൈക്യത്തിൽ കഴിയുന്നു എന്ന് പറയുന്നത് ശരിയാണെന്നു തോന്നുന്നില്ല. കർത്താവിന്റെ മനുഷ്യത്വത്തെയും ദൈവത്വത്തെയും ഇരുസഭകളും സമ്മതിക്കുന്നു. അവ സംയോജിച്ചിരിക്കുന്നു എന്നും ഇരുസഭകളും പറയുന്നുണ്ട്. എന്നാൽ യോജിച്ച സ്വഭാവങ്ങളെപ്പററിയുള്ള നാമനിർവചനത്തിലാണ് വ്യത്യാസം കാണുന്നത്. അതുപോലെതന്നെ പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെപ്പററി ഇരുസഭകളും ചോദ്യം ചെയ്യുന്നില്ല. പുറപ്പാടിന്റെ വിധത്തെപ്പററി മാത്രമാകുന്നു വ്യതാസമുള്ളത്. വി. കുർബ്ബാന കർത്താവിന്റെ തിരുശരീരരക്തങ്ങളാകുന്നു എന്ന് രണ്ടു സഭകളും വിശ്വസിക്കുന്നു. അങ്ങനെ ആയിത്തീരുന്ന വിധത്തെപ്പററിയുള്ള അഭിപ്രായഭിന്നത, പാപ്പായെ സംബന്ധിച്ചുള്ള അവകാശവാദങ്ങൾ കേവലം അപ്രായോഗികമോ ഭരണത്തെ സംബന്ധിച്ചവയോ ആണ്. ദണ്ഡനസ്ഥലം, കന്യകയുടെ മാലിന്യമില്ലാത്ത ജനനം മുതലായവ ഉപദേശവൈകല്യങ്ങളെങ്കിലും ഒരുവന്റെ രക്ഷയെ കാര്യമായി സ്പർശിക്കുന്നവയല്ല. രക്ഷയ്ക്കത്യന്താപേക്ഷിതമായ ത്രിത്വത്തിന്റെ ദൈവത്വം, പുത്രന്റെ മനുഷ്യാവതാരം, പരിശുദ്ധാത്മാവ്, പൌരോഹിത്യം, സഭ, കൂദാശകൾ എന്നിവയെപ്പററിയുള്ള മൗലിക ഉപദേശങ്ങളിൽ റോമാസഭയും സൂറിയാനിസഭയും യോജിച്ചു നിൽക്കുന്നു. എങ്കിലും ഇരുസഭക്കാരും അന്യോന്യ കുർബാന സംസർഗ്ഗത്തിൽ കഴിഞ്ഞുകൂടുന്നില്ല.

സഭയുടെ ഐക്യത്തെ തരംതിരിച്ച് ആന്തരികമെന്നും, ബാഹ്യമെന്നും നിർവ്വചനം ചെയ്യാമെങ്കിൽ ഈ രണ്ടു സഭകളും ആന്തരിക ഐക്യം (internal unity) പാലിക്കുന്നുവെന്നും, ബാഹ്യ ഐക്യം (external unity) ഇവയ്ക്ക് ഇല്ലാതിരിക്കുന്നുവെന്നും പറയാമെന്ന് തോന്നുന്നു. രണ്ടു സഭകളും അന്യോന്യം കൂദാശകളെ സ്വീകരിക്കുന്നതിനാൽ മശിഹാതമ്പുരാന്റെ കൂദാശപരമായ കൃപ (sacarmental grace) ഇരുസഭകൾക്കുമുണ്ടെന്നും, അതിനാൽ അവ തന്റെ ഗാത്രത്തിൽ സ്ഥിതി ചെയ്യുന്നു എന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. എങ്കിലും അവ അന്യോന്യം വഴക്കടിച്ചുകൊണ്ടിരിക്കുന്നു. ഇതു നിശ്ചയമായും മശിഹാതമ്പുരാനോടുള്ള ഒരു കടുംകൈ തന്നെയാണ്. പ്രധാനപ്പെട്ട കാര്യങ്ങളിലുള്ള ഐക്യതയെ പരിഗണിച്ച് രണ്ടു സഭകളും ഐക്യത്തിൽ വരുന്നതിനുള്ള നടപടികൾ അപ്രധാനങ്ങളായ കാര്യങ്ങളെ സംബന്ധിച്ചും ഐക്യത്തിൽ വരുന്നതിനുള്ള ഹൃദയവിശാലത കാണിക്കേണ്ടിയിരിക്കുന്നു. സാവകാശമായി ചിന്തിച്ചാൽ അഭിന്ന സഭ (Undivided Church) യുടെ ഉപദേശങ്ങൾക്കു യോജിച്ചതായ സൂറിയാനി സഭയുടെ കറയില്ലാത്ത ഉപദേശങ്ങളെ സമ്മതിക്കുവാൻ റോമാസഭക്കു കഴിയുകതന്നെ ചെയ്യും. അതിനുള്ളതായ വിനീതഭാവവും, സത്യസന്ധതയും റോമാസഭ കാണിക്കേണ്ടിയിരിക്കുന്നു.

### സൂറിയാനി സഭയും നെസ്തോർ സഭയും

ഈ രണ്ടു സഭകളും തമ്മിൽ പ്രധാനപ്പെട്ട വിശ്വാസകാര്യങ്ങളിൽ വളരെ ഐക്യവും ചില കാര്യങ്ങളിൽ വ്യത്യാസങ്ങളും കാണുന്നുണ്ട്. പ്രധാനപ്പെട്ട വ്യത്യാസങ്ങൾ താഴെപ്പറയുന്നവയാണ്.

#### a) ഇരുസ്വഭാവങ്ങൾ (Two natures)

നെസ്തോർകാരുടെ പ്രഖ്യാപനങ്ങളിൽ നിന്നും അവരുടെ ഇരുസ്വഭാവവാദം, റോമാസഭയുടെ ഇരുസ്വഭാവവ്യാഖ്യാനത്തിൽ നിന്നും വിഭിന്നമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. റോമാസഭ ഒരു ആളത്വത്തെ സമ്മതിക്കുമ്പോൾ (one person), നെസ്തോർ സഭയുടെ സ്വഭാവവ്യാഖ്യാനം രണ്ടു ആളത്വങ്ങളെ കുറിക്കുന്നതായി തോന്നിപ്പോകുന്നു. (unqualified diophysitism) അതായത് മനുഷ്യക്രിസ്തുവും ദൈവമായ ക്രിസ്തുവും. അതു സ്വീകാര്യമായ നിർവ്വചനമല്ല. എന്നിരുന്നാലും ക്രിസ്തുവിന്റെ സമ്പൂർണ്ണമായ ദൈവത്വവും മനുഷ്യത്വവും നെസ്തോർ സഭ അവ രണ്ടും തമ്മിലുള്ള സംയോജിപ്പിനെപ്പററിയാണ് അഭിപ്രായവ്യത്യാസം

b) മറെറാരു വ്യത്യാസം ദൈവമാതാവിനെക്കുറിച്ചുള്ള സംജ്ഞയെപ്പററിയാകുന്നു. സൂറിയാനിസഭയും ഇതരസഭകളും കന്യകമറിയാമിനെ ദൈവമാതാവ് (Jheotokos) എന്നു പറയുമ്പോൾ നെസ്തോർസഭ ക്രിസ്തുവിന്റെ സഭ (Christotokos) എന്നു മാത്രമാണ് വിവക്ഷിക്കുന്നത്. ദൈവത്വത്തിന് മാതാവുണ്ടാകുവാൻ സാധ്യമല്ലെന്നുള്ളതാണ് അവരുടെ ആക്ഷേപം. ദൈവത്വത്തിന് മാതാവുണ്ടെന്ന് ആരും പറയുന്നില്ല. ദൈവത്തെ പ്രസവിച്ചതിനാൽ കന്യകയെ ദൈവമാതാവെന്നു പറയുന്നത് യൗക്തികമാണെന്ന നാം വിധിക്കുന്നുള്ളു.

പൌരോഹിത്യം, സഭ, കൂദാശകൾ, മുതലായവയെപ്പററിയുള്ള നെസ്തോർകാരുടെ ഉപദേശങ്ങൾ സൂറിയാനിസഭയുടെ ഉപദേശങ്ങളിൽനിന്നും കാര്യമായ വ്യത്യാസമുള്ളവയല്ല.

ചുരുക്കിപ്പറഞ്ഞാൽ രക്ഷയ്ക്കടിസ്ഥാനമായ പ്രമാണപ്പെട്ട കാര്യങ്ങളിൽ ഈ രണ്ടു സഭകളും യോജിച്ചുനിൽക്കുന്നു. തദനുസരണമായി നെസ്തോർകാരുടെ കൂദാശകളെ സൂറിയാനി സഭയും സൂറിയാനിസഭയുടെ കൂദാശകളെ നെസ്തോർ സഭയും അന്യോന്യം സ്വീകരിക്കുന്നു. അഥവാ ക്രിസ്തുവിന്റെ രണ്ടു സഭകളും അന്യോന്യം സംയോജിച്ചിരിക്കുന്നു എന്നിരുന്നാലും കുർബ്ബാന സംസർഗ്ഗമില്ലാതെ ഇരുകൂട്ടരും നിൽക്കുന്നു. അഥവാ ആന്തരികമായ ഐക്യവും ബാഹ്യമായ ഐക്യവും പാലിക്കത്തക്കവണ്ണം ഇരുസഭകളും അന്യോന്യം മനസ്സിലാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. സൂറിയാനിസഭയുടെ കറയില്ലാത്ത ഉപദേശങ്ങൾ സമ്മതിക്കുന്നതിന് നെസ്തോർസഭയ്ക്കു പ്രയാസമുണ്ടാകേണ്ട കാര്യമില്ല.


## യൂണിഫോം തുണികൾ

എല്ലാ പ്രമുഖ മില്ലുകളുടേയും യൂണിഫോം തുണിത്തരങ്ങൾ, ഷർട്ടിംഗുകൾ, സൂട്ടിംഗുകൾ മുതലായവയ്ക്കു

**ജോസ് ഫാബ്**

ജോസ് ബ്രദേഴ്സ്, കെ. കെ. റോഡ്, കോട്ടയം.

സ്കൂൾ യൂണിഫോം തുണികൾക്ക് 10% പ്രത്യേക ഡിസ്ക്കൗണ്ട്

**സാരികൾ**

പുതുമ നിറഞ്ഞ കാഞ്ചീപുരം, ബനാറസ് പട്ടുസാരികൾക്കും മററു വിവിധയിനം സാരികൾക്കും

**ജോസ് സാരിമന്ദിർ**

ജോസ് ബ്രദേഴ്സ് കെ. കെ. റോഡ്, കോട്ടയം.

**ജൗളിവ്യാപാരികളുടെ ശ്രദ്ധയ്ക്കു്**

എല്ലാ മില്ലുകളുടേയും യൂണിഫോം കട്ട്പീസുകളും സാരിത്തരങ്ങളും കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നു. കച്ചവടക്കാർക്ക് കുറഞ്ഞ വിലയ്ക്ക് പുറമെ ക്യാഷ് ഡിസ്ക്കൗണ്ടും

**കട്ട്പീസ് കൗണ്ടർ**

ജോസ് ബ്രദേഴ്സ്. കെ. കെ. റോഡ്, കോട്ടയം,

പ്രശസ്ത മില്ലുകളിൽനിന്നുള്ള യൂണിഫോം തുണികളുടേയും മറെറല്ലാ തുണിത്തരങ്ങളുടേയും പുതിയ സ്റേറാക്ക് ധാരാളമായി എത്തിച്ചേർന്നിരിക്കുന്നു. ഏററവും കുറഞ്ഞ വിലയ്ക്ക് പുറമേ ക്യാഷ് ഡിസ്ക്കൗണ്ടും.

**ജോസ് ബ്രദേഴ്സ്**

കെ. കെ. റോഡ്, കോട്ടയം



**ഓർത്തഡോക്സ് ഹെറാൾഡ്**

ശനിയാഴ്ചതോറും ദേവലോകം അരമനയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

**വരിസംഖ്യ മുൻകൂർ**

ഒരുവർഷം— 60 രൂപാ
രണ്ടുവർഷം— 100 രൂപാ

വിലാസം
ഓർത്തഡോക്സ് ഹെറാൾഡ്
ദേവലോകം അരമന
കോട്ടയം—686 038

Phone 0481-8234



**Advisory Board**

Patron
H. H. Baselius Marthoma Mathews I
President
H. G. Geevarghese Mar Ivanios
Fr. Mathai Vilanilathu,
Fr. P.C. Geevarghese(USA)
Fr. Zachariah Perangattu.
Mr. P. J. Koshy (Bombay)
Mr.M.A.Abraham(Madras)
Mr. M.G.George Muthoot (Delhi)
Mr. T. O. Jacob,
Mr. P. V. Job
Mr. P. P. Mathew
Mr. John Mathews
Mr. K. O. Kurian
Dr. K. P. Johny


### പ്രക്ഷേപണം ചെയ്യുന്നു.

മാതൃദേവോ ഭവ,
പിതൃദേവോ ഭവ,
ആചാര്യദേവോ ഭവ,
അതിഥിദേവോ ഭവ.......

മാതാവിനേയും പിതാവിനേയും ഗുരുവിനേയും അതിഥിയേയും ദേവതുല്യം കരുതണമെന്നാണ് ഭാരതതത്വം. ഇതിൽ പ്രഥമസ്ഥാനം മാതാവിനാണ്. അഥവാ പൂർണ്ണത നേടിയ സ്ത്രീക്കാണ്.

സൃഷ്ടിയുടെ പ്രത്യക്ഷമായ പ്രതീകമാണ് സ്ത്രീ. സൃഷ്ടി മാത്രമല്ല, സ്ഥിതിയും പരിപാലനവുമെല്ലാം സ്ത്രീയുടെ ഔദാര്യമാണ്. സ്ത്രീയില്ലെങ്കിൽ തലമുറകളില്ല; സംസ്കാരവും വിദ്യയും ജീവിതവുമില്ല. അങ്ങനെ എല്ലാ വിധത്തിലും മാന്യതയും മഹത്വവും പൂജയും അർഹിക്കുന്നവളാണ് സ്ത്രീ...!

ഭാരതീയ സ്ത്രീത്വത്തിന്റെ വൈവിധ്യമാന്ന മഹത്വത്തെ കുറിച്ച് ജോൺ തോമസ് കരിഞ്ഞാട്ടിൽ, തയ്യാറാക്കിയ ചിത്രീകരണം ആകാശവാണി തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്ട് നിലയങ്ങൾ പ്രക്ഷേപണം ചെയ്യുന്നു.

ഒൻപതാം സ്റ്റാൻേറർഡിലെ മലയാള പാഠാവലിയെ ശ്രീ. എസ്. രമേശൻ നായരുടെ 'മാതൃദേവോ ഭവ' എന്ന പാഠത്തെ അടിസ്ഥാനമാക്കി ജോൺ തോമസ് കരിഞ്ഞാട്ടിൽ തയ്യാറാക്കിയ ചിത്രീകരണം 1989 ജൂൺ 22-ന് 2. 10നും 23-ന് 7.5നുമുള്ള 'വിദ്യാഭ്യാസരംഗത്തിൽ' തിരുവനന്തപുരത്തുനിന്നും പ്രക്ഷേപണം ചെയ്യുന്നതാണ്.

# പഴഞ്ഞിപ്പള്ളി

# ചില തിരുത്തലുകൾ

## പഴഞ്ഞിപ്പള്ളി ചില തിരുത്തലുകൾ

1989 ഏപ്രിൽ 28-ന് മലങ്കര ഓർത്തഡോക്സ് ഹെറാൾഡിൽ (വാല്യം6, ലക്കം 14) പ്രസിദ്ധീകരിച്ച 'പഴഞ്ഞിപ്പള്ളിയും ആചാരങ്ങളും' എന്ന ഫീച്ചറിനെപ്പററി പഴഞ്ഞി സെൻറ് മേരീസ് പള്ളിയിലെ 28-5-1989-ൽ കൂടിയ മാനേജിംഗ് കമ്മററി രേഖാമൂലം അറിയിച്ചതായ ചില വിവരങ്ങൾ വായനക്കാരുടെ മുമ്പാകെ പ്രസിദ്ധപ്പെടുത്തുന്നു. ഇത്തരം ചില പിശകുകൾ കടന്നു കൂടിയതിൽ നിർവ്യാജം ഖേദിക്കുന്നു.

പത്രാധിപർ

1 പഴഞ്ഞിപള്ളിയുടെ വടക്കെ വാതിലിന് വളരെ പ്രാധാന്യമുണ്ടെന്നും, വിവാഹത്തിന് വധൂവരൻമാർ, മൃതദേഹം മുതലായവ പള്ളിയിൽവരുന്നത് വടക്കെ വാതിലിലൂടെയാണ് എന്നത് ശരിയല്ല. വടക്കെ പടിപ്പുര എന്നായിരുന്നു വേണ്ടിയിരുന്നത്. വിശാലമായ പള്ളിയങ്കണത്തിൻെറ നാലുഭാഗത്തുമുള്ള പടിപ്പുരകളിൽ വടക്കെ പടിപ്പുരയാണ് പ്രധാനപ്പെട്ടത് എന്നാണ് വേണ്ടത്.

2 ഞായറാഴ്ച വി. കുർബ്ബാനയ്ക്ക് മുൻപ് ശുശ്രൂഷകൻ അങ്ങാടിതോറും മണി കിലുക്കി നടക്കുന്നു എന്നത് ശരിയായ പ്രയോഗമല്ല. 'മണിയടിച്ചു കൊണ്ട് പോകാറുണ്ട്' എന്നാണ് വേണ്ടത്. വളരെ പുരാതനകാലം മുതൽ നടന്നു വരുന്ന ഈ സമ്പ്രദായം മാററണമെന്ന തല്പരകക്ഷികളുടെ സ്ഥാപിതതാല്പര്യമാണ് ഈ ഏർപ്പാടിനെ വികലമായി ചിത്രീകരിക്കാൻ പ്രസ്തുത പ്രയോഗം നടത്തിയത്..

3 പഴഞ്ഞി പള്ളിപെരുന്നാൾ ഈ പ്രദേശത്തിൻെറ ദേശീയ ഉത്സവമാണെന്നും സ്വന്തക്കാരാരെങ്കിലും പെരുന്നാളിന്നെത്തിയില്ല എങ്കിൽഅതു പരസ്പരകലഹത്തിനിടവരുമെന്നും പറഞ്ഞിരിക്കുന്നതും തെററാണ്. ദേശത്തിലെ പ്രധാന ഉത്സവമായതുകൊണ്ട് ബന്ധുക്കളെയും, സ്നേഹിതരെയും ക്ഷണിക്കാറുണ്ട്. വന്നില്ലെങ്കിൽ അതിൻെറ പേരിൽ വഴക്കൊന്നും ഉണ്ടാകാറില്ല.

4 ആനീദാ പെരുന്നാൾ പഴഞ്ഞിയിൽ നവംബർ 22-ന് ആഘോഷിക്കുന്നു എന്ന് എഴുതിയത് തെററാണ്. നവംബർ 15-ാം തീയതിയാണ് പഴഞ്ഞിയിൽ ആനീദാ കൊണ്ടാടുന്നത്.

5 ആനീദാ പെരുന്നാളിന് പിതൃക്കൾക്ക് ഇഷ്ടമുള്ള ഭക്ഷണസാധനങ്ങൾ നേദിക്കുന്നു എന്നത് ഒരു ഹൈന്ദവച്ചുവയുള്ള പ്രയോഗമായിപ്പോയി. അന്നേ ദിവസം സാധാരണ പള്ളിയിൽ നേർച്ചയായി നെയ്യപ്പം കൊണ്ടുവരാറുണ്ട്. അതു ഭക്തജനങ്ങൾക്ക് വിതരണം ചെയ്യുകയുമാണ് പതിവ്.

6 മൂന്നു നോമ്പിനെക്കുറിച്ചുള്ള പ്രസ്താവത്തിൽ മൂന്നു നോമ്പു നോക്കാനെത്തുന്നവർ വാഴയുടെ ഉണങ്ങിയ ഇലയും കമുകിൻെറ ഉണങ്ങിയഇലയും ശരീരത്തിൽ വച്ചു കെട്ടി 'നരികെട്ടി' നടക്കുന്നു എന്ന് പറഞ്ഞിട്ടുള്ളത് തികച്ചും അവാസ്തവമാണ്. അങ്ങനെ ഒരു പ്രാകൃതമായ ആചാരം ഈ പ്രദേശത്തില്ല.

7 നോമ്പുകളെ സംബന്ധിച്ച പ്രസ്താവത്തിലും കഠിനമായ ഒരു പ്രമാദം കടന്നുകൂടിയിരിക്കുന്നു. 'നോമ്പ് നടത്തുവാൻ ആളുകളെ കിട്ടും. ആക്കെങ്കിലും കുറെ ദിവസം നോമ്പെടുക്കണമെങ്കിൽ ഇത്തരം ആളുകളെ ഏർപ്പെടുത്തിയാൽമതി. അവർ നേർന്നവർക്കുവേണ്ടി നോമ്പുനോക്കും. ആ ദിവസങ്ങളിലെ അവരുടെ ചെലവുകൾ മുഴുവൻ വഹിച്ചാൽ മതിയാകും'. ഇതു മുമ്പ് എളവൂർ നടന്നിരുന്ന 'തൂക്കം' വഴിപാടുപോലെ തികച്ചും പ്രാകൃതവും അന്ധവിശ്വാസജടിലവും ആയിതോന്നുന്നു. പക്ഷേ യഥാർത്ഥത്തിൽ അങ്ങനെ ഒരു സംഭവം പഴഞ്ഞിയിലില്ല. സാധാരണ നോമ്പുനോൽക്കാൻ വരാറുള്ള വൃദ്ധർക്കു ഒരുപക്ഷേ ഭക്ഷണച്ചിലവ് വഹിക്കാൻ സാധിക്കാത്ത സന്ദർഭങ്ങളിൽ ഉദാരമനസ്കരായ ജനങ്ങൾ അവരുടെ ഭക്ഷണച്ചെലവ് വഹിക്കാറുണ്ട്. അതിനെ 'വാടകയ്ക്കു' നോമ്പുപിടിക്കലായി ചിത്രീകരിച്ചതു ഏതായാലും വലിയ തെററായിപ്പോയി.

8 വിവാഹത്തിൻെറ നാലാംദിവസം 'മറുപടി കുമ്പിടുന്നു' എന്ന് എഴുതിയിരിക്കുന്നതു എന്തിനെ ഉദ്ദേശിച്ചാണെന്നു മനസ്സിലാകുന്നില്ല. 'മറുപള്ളി കുമ്പിടുക' എന്ന ഒരു ചടങ്ങ് ഈ പ്രദേശങ്ങളിൽ (പഴഞ്ഞിയിൽ മാത്രമല്ല കുന്ദംകുളം, ആർത്താററ്, തൃശ്ശൂർ ഭാഗങ്ങളിൽ) പതിവുണ്ട്. ലേഖകനു പററിയ ഒരു പിഴവായി കണക്കാക്കുന്നു. തിരുത്തു ആവശ്യമാണെന്നതിനു സംശയമില്ല.

9 ഒരു വീട്ടിൽ ആരെങ്കിലും മരിച്ചുകഴിഞ്ഞാൽ അയൽക്കാരെ ക്ഷണിക്കണം. അല്ലെങ്കിൽ അവരാരും ശവസംസ്ക്കാരച്ചടങ്ങുകൾക്കുണ്ടാവില്ല. എന്നും ശവസംസ്ക്കാര ശുശ്രൂഷകൾ നടത്തിയ പുരോഹിതൻമാർ മരിച്ചയാളിൻെറ വീട്ടിൽച്ചെന്നു മൃതശരീരം വച്ചിരുന്ന സ്ഥലത്തിരുന്നു ഭക്ഷണം കഴിക്കണമെന്നും എഴുതിയിരിക്കുന്നതു പഴഞ്ഞിക്കാരെ ഒന്നടങ്കം സാംസ്ക്കാരശൂന്യരും, അപരിഷ്കൃതരുമാണെന്നു കാണിക്കാനുള്ള ഗൂഢോദ്ദേശ്യമല്ലേ എന്നു സംശയിക്കുന്നു. മരിച്ചു കഴിഞ്ഞാൽ ആരും അറിയിക്കാതെതന്നെ എല്ലാവരും ചടങ്ങുകളിൽ ആദ്യാവസാനം പങ്കെടുക്കാറുണ്ട്. ഒരു ചടങ്ങിനെന്നവണ്ണം മരണക്കുറി അച്ചടിച്ചു വീടുകളിലെത്തിക്കാറുണ്ട്. അങ്ങനെ 'കുറി' എത്താത്തതിൻെറ പേരിൽ ഒരാളും പ്രസ്തുത പരിപാടികളിൽ സഹകരിക്കാതിരുന്നിട്ടില്ല.

10 ഇടദിവസങ്ങളിലെ വി. കുർബ്ബാനകൾക്കു വി. കുർബ്ബാന അർപ്പിക്കുന്ന പുരോഹിതനും ശുശ്രൂഷകനും മാത്രമേ ഉണ്ടാകൂ എന്നും രണ്ടു രൂപ ഓഫീസിൽ അടച്ചാൽ കുർബ്ബാന ചൊല്ലിയിരിക്കണം എന്ന പ്രസ്താവവും കരുതിക്കൂട്ടി കരിതേച്ചു കാണിക്കാനുള്ള ശ്രമത്തിൻെറ ഭാഗമല്ലേ എന്നു സംശയിക്കുന്നു. പഴഞ്ഞി വലിയ ഒരു ഇടവകയായതിനാൽ മിക്ക ദിവസങ്ങളിലും കുർബ്ബാന ഉണ്ടാകും. വഴിപാട് കുർബ്ബാനയ്ക്കു മൂന്നു രൂപയും ശ്രാദ്ധ കുർബ്ബാനയ്ക്കു രണ്ടു രൂപയുമാണ് നിരക്ക്. ശ്രാദ്ധ കുർബ്ബാനയ്ക്ക് തീർച്ചയായും, വഴിപാടു കുർബ്ബാനയ്ക്ക് മിക്കവാറും ആളുകൾ ഉണ്ടാകും. അതു ഒരു വലിയ കാര്യമായി എടുത്തു പഴഞ്ഞിക്കാരെ അധിക്ഷേപിക്കാനുള്ള ഉപാധിയാക്കേണ്ടിയിരുന്നില്ല. പരുമല പള്ളിയിലും, ദേവലോകം പള്ളിയിലും മററും അനവധി ആളുകൾ കുർബ്ബാനയ്ക്ക് പണം കൊടുത്തു രസീതു വാങ്ങിപ്പോകുന്നതു നിത്യസംഭവമാണല്ലോ. അവരാരും കുർബ്ബാനയ്ക്ക് സംബന്ധിക്കാറുമില്ല. അവിടങ്ങളിൽ മററു തരത്തിൽതന്നെ ആളുകളുണ്ടാകാറുള്ളതുകൊണ്ട് വെറും ''അച്ചനും കപ്യാരും'' മാത്രമാകുന്നില്ലെന്നേയുള്ളു. ഈ കാര്യം പഴഞ്ഞിയിൽ മാത്രം കാണുന്ന ഒരു ദുഷ്പ്രവണതയായി ചിത്രീകരിച്ചതു അക്ഷന്തവ്യമായിപ്പോയി.

## സ്കോളർഷിപ്പ് നൽകുന്നു

പറപ്പള്ളിത്താഴെ മാത്യു ആൻറ് മറിയാമ്മ മെമ്മോറിയൽ ചാരിററബിൾ ട്രസ്റ്റ് മിടുക്കരായ സ്ക്കൂൾ കോളേജ് വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. അപേക്ഷകർ കോട്ടയം ഭദ്രാസനത്തിൽപ്പെട്ടവരായിരിക്കണം. മർത്തമറിയം സമാജത്തിൽ സജീവ പ്രവർത്തകയുമായിരിക്കണം. താത്പര്യമുള്ളവർ വികാരിയുടെ സാക്ഷ്യപത്രം സഹിതം താഴെപ്പറയുന്ന വിലാസത്തിൽ അപേക്ഷിക്കുക.

Parappallythazhay
Mathew and Mariamma
Memorial Charitable Trust,
131, Gulmohan Park Enclave, New Delhi-110049.

## നോമിനേഷൻ കമ്മററി

1-ാം പേജിൽനിന്നും തുടർച്ച

ആഗോള പ്രശസ്തവും, അപ്പോസ്തോലിക പിന്തുടർച്ചയുടെ പരിരക്ഷണം മൂലം പൗരാണിക പ്രസിദ്ധവുമായ മലങ്കര ഓർത്തഡോക്സ് സഭയുടെ സാരഥികളെ നിർണ്ണയിക്കുവാനുള്ള പരിപൂർണ്ണ ചുമതല സഭ ഏറെറടുത്തേ മതിയാവൂ.

ഇതിനുവേണ്ടി ഭദ്രാസനതലത്തിലും കേന്ദ്രതലത്തിലും ഒരു നോമിനേഷൻ കമ്മിററിയെ എത്രയുംവേഗം നിയമിക്കുവാൻ അധികൃതർ തയ്യാറാവുമെങ്കിൽ ഇത്തവണമുതൽ തന്നെ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താവുന്നതാണ്. വിഷയത്തിൻെറ ഗൗരവം പരിഗണിച്ചു അർഹമായ പ്രാധാന്യത്തോടുകൂടി ഈ നിർദ്ദേശം പരീക്ഷണാർത്ഥമെങ്കിലും സ്വീകരിക്കണമെന്നു ബന്ധപ്പെട്ട സകലരോടും വിനയപൂർവ്വം ഞങ്ങൾ ശുപാർശ ചെയ്തുകൊള്ളുന്നു.




Edited & Published by Shebaly, Printed by Rev.C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A.J. George, Circulation Asst. K. P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam, Kottayam-686 038